2023
മാർച്ച്
വാല്യം 16 | ലക്കം 3
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



## വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ

മാർച്ച് 19


# 65 – ാം ചരമവാർഷികം



**ബിഷപ് ബൊനവന്തൂരാ അരാന ഒ.സി.ഡി.**

**മാർച്ച് 27 രാവിലെ 6.30–ന്**

**നല്ലിടയൻ ദൈവാലയത്തിൽ ദിവ്യബലി**





ഇൻഫന്റ് ജീസസ് മൈനർ സെമിനാരിയിലെ
ആദ്യ ഫോർമേറ്റർ ആയിരുന്ന
**ഫാ. മാർസലീനോ ഇറാഗി റെഡിൻ ഒ.സി.ഡി**
മരണം: 2023 ഫെബ്രുവരി 01

# വിജയപുരദൂത്
VIJAYAPURAM DIOCESAN BULLETIN

2023 MARCH | Registered Newspaper, Reg.No. KERMAL/2008/24745 | Vol.16 • No.3

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ...

4. എഡിറ്റോറിയൽ
8 രൂപതാകാര്യാലയത്തിൽ നിന്ന്
9. സർക്കുലർ
13. മദ്യവിരുദ്ധ ഞായർ
(കെ.സി.ബി.സി. സർക്കുലർ)
17 തപസ്സുകാല അനുതാപവും
സിനഡാത്മക സഞ്ചാരവും
22. കമ്മ്യൂണിയോ ഇന്ത്യാ ഞായർ
25. ലത്തീൻ കത്തോലിക്കാ റാലിയും സംഗമവും
29 ഇടവകവാർത്തകൾ
32 വി.എസ്.എസ്.എസ്. വാർത്തകൾ
34. അഭിവന്ദ്യപിതാവിന്റെ
മാർച്ച് മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

# Editorial

## മാർച്ച് : വി. യൗസേപ്പിതാവിന്റെ മാസം

**യൗ**സേപ്പിതാവിന്റെ മാസമാണ് മാർച്ച്. ഈ മാസത്തിലെ ഓരോ ദിവസവും മാസവണക്കം ആചരിച്ചുകൊണ്ടും 19–ാം തീയതി പരിശുദ്ധമറിയത്തിന്റെ ഭർത്താവായ വി. യൗസേപ്പിതാവിന്റെ തിരുനാൾ കൊണ്ടാടിക്കൊണ്ടും നാം യൗസേപ്പിതാവിനെ വണങ്ങുന്നു. കൂടാതെ എല്ലാ ബുധനാഴ്ചകളും യൗസേപ്പിതാവിന്റെ ദിനമായി ആചരിക്കുന്നു. എല്ലാ ദിനവും ദിവ്യബലിയിലെ സ്ത്രോത്രയാഗപ്രാർത്ഥനയിൽ നാം യൗസേപ്പിതാവിനെ അനുസ്മരിക്കുന്നു. അങ്ങനെ ക്രൈസ്തവരുടെ പ്രാർത്ഥനാ ജീവിതത്തിൽ യൗസേപ്പിതാവ് നിരന്തരം സന്നിഹിതനാണ്. ദൈവപിതാവിന്റെ പ്രതിനിധിയും ദൈവമാതാവിന്റെ ഭർത്താവും ദൈവപുത്രന്റെ പിതാവുമായതിനാലാണ് ചരിത്രത്തിലെ ഏറ്റവും പ്രധാനവ്യക്തിയായ ദൈവപുത്രനും ലോകരക്ഷകനുമായ യേശുവിനെ ചെറുപ്പം മുതലേ പിതാവ് എന്ന രീതിയിൽ രൂപപ്പെടുത്തിയവനും, ലോകത്തിലെ ഏറ്റവും മഹതിയായ കന്യകാമറിയത്തിന്റെ ഭർത്താവ് എന്ന നിലയിൽ അവളെ സ്നേഹിച്ചവനും സംരക്ഷിച്ചവനുമാണല്ലോ അവിടുന്ന്. ലോരകക്ഷകനെ തന്നെ രക്ഷിച്ചവനാണ് അവിടുന്ന്. അത്ര ഭാഗ്യപ്പെട്ടവനും നന്മനിറഞ്ഞവനുമാണ് യൗസേപ്പിതാവ്. അങ്ങനെ ദൈവമാതാവായ മറിയത്തിന്റെ ഉത്തമഭർത്താവും ദൈവപുത്രന്റെ വത്സലപിതാവും, തിരുകുടുംബത്തിന്റെ ശ്രദ്ധയുള്ള പാലകനുമായ യൗസേപ്പിതാവ് ഏറ്റം അനുകരണീയമായ വ്യക്തിത്വത്തിനുടമയാണ്. ഏവർക്കും പ്രചോദനവും മാതൃകയുമാണ്. നാല് സംജ്ഞകളിൽ യൗസേപ്പിതാവിന്റെ മഹത്വം വർണിക്കട്ടെ.

**1. യൗസേപ്പ് – ഉത്തമ ഭർത്താവ്**

ലൈംഗീകബന്ധത്തിൽ ഏർപ്പെട്ടതുകൊണ്ട് മാത്രം ഒരാൾ ഭർത്താവാകുന്നില്ല. എന്നും ലൈംഗികബന്ധത്തിൽ ഏർപ്പെടാതിരിക്കുന്നതുവഴി ഒരാൾ ഭർത്താവല്ലാതാകുന്നുമില്ല. ജീവിതാവസാനം വരെ സ്നേഹിച്ചും ആദരിച്ചും ഒന്നിച്ചു ജൂവിക്കാമെന്ന് ഉടമ്പടി ചെയ്ത് സ്വന്തമെന്ന് കരുതി അർപ്പണ ബോധത്തോടെ ജീവിക്കുമ്പോഴാണ് ഒരാൾ ഭർത്താവാകുന്നത്. ഭാര്യയെ സംശയിക്കാൻ തക്കതെളിവും ഉപേക്ഷിക്കാൻ തക്ക ന്യായവും പ്രത്യക്ഷത്തിൽ തന്നെ ഉണ്ടായിരുന്നിട്ടും മറിയത്തെ വിശ്വസിച്ച് വിവാഹം ചെയ്ത് സ്നേഹിച്ചവനും സംരക്ഷിച്ചവനുമാണ് വി.യൗസേപ്പ്. താൻ പ്രേമിച്ചു കല്യാണം കഴിച്ചവൾ അല്ലെങ്കിൽ ബന്ധുക്കൾ ആലോചിച്ചുറപ്പിച്ച് ഏൽപ്പിച്ചു തന്നവൾ അതുമല്ലെങ്കിൽ അബദ്ധത്തിൽ

വിധി എന്നവണ്ണം തലയിൽ ഏറ്റേണ്ടിവന്നവൾ, അല്ലെങ്കിൽ തന്നെ സുഖിപ്പിക്കാൻ വേണ്ടിയുള്ള ഒരുപകരണം എന്ന രീതിയിലൊന്നുമല്ല വി.യൗസേപ്പ് തന്റെ ഭാര്യയായ മറിയത്തെ കണ്ടത്. പിന്നയോ തന്നെ ഏറ്റവും സ്നേഹിക്കുന്ന ദൈവം തന്നെയനുഗ്രഹിക്കാൻ വേണ്ടിതന്ന ഏറ്റം വിശേഷപ്പെട്ടദാനം എന്ന നിലയിലാണ് വി. യൗസേപ്പിതാവിന് മറിയത്തിന്റെ ഭർത്താവായിരിക്കുക എന്നത് ഒരു ദൈവാരാധനപോലെയായിരുന്നു. മാനുഷികമായ രീതിയിൽ അവളെ അപമാനിക്കാനും തകർക്കാനും കാരണമുണ്ടായിരുന്നിട്ടും അവളെ മഹത്വപ്പെടുത്താനാണ് യൗസേപ്പ് ശ്രദ്ധവച്ചത്. ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് അവൾക്കാവശ്യമായതെല്ലാം ചെയ്തുകൊടുക്കാനും അവളെ സംരക്ഷിച്ച് പരിപാലിക്കാനും അവൻ ശ്രദ്ധവച്ചു. അതിനുവേണ്ടി ഏത് ത്യാഗത്തിനും കഷ്ടപ്പാടിനും അദ്ദേഹം തയ്യാറായി. ജീവിതം അർത്ഥപൂർണ്ണമാകുന്നത് വെറും ത്യാഗത്തിലൂടെയല്ല അർപ്പണത്തിലൂടെയാണ്. യൗസേപ്പിതാവ് മറിയത്തിന് ഭർത്താവാകാൻ തന്നെതന്നെ സമർപ്പിച്ചു.

**2. യൗസേപ്പ് – ഉത്തമപിതാവ്**

പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ വാക്കുകളിൽ കുട്ടിക്ക് ജന്മം കൊടുക്കുന്നതുവഴി മാത്രം ഒരാൾ പിതാവാകുന്നില്ല. പിതാവ് എന്ന രീതിയിൽ സ്നേഹവും സംരക്ഷണവും പോഷണവും പ്രചോദനവും വളർച്ചയും ഏകുമ്പോഴെ ഒരാൾ യഥാർത്ഥ പിതാവാകുന്നുള്ളൂ. ഇന്നത്തെ ലോകത്തിൽ അനേകർ മനുഷ്യർക്ക് ജന്മം നൽകുന്നുണ്ടെങ്കിലും യഥാർത്ഥ പിതാക്കന്മാർ വിരളമാണ്. അതിനാൽ അനേകർ ഇന്നും അനാഥരാണ്. അവിടെ യൗസേപ്പിതാവിന്റെ പിതൃത്വം വലിയ പ്രചോദനമായി നിലകൊള്ളുന്നു. ദത്തുപുത്രനായല്ല യേശുവിന്റെ യഥാർത്ഥപിതാവായാണ് ജോസഫ് യേശുവിനെ കരുതിയത്. ശാരീരികമായി ജന്മം ഏകിയില്ല എങ്കിലും ദൈവസമാനമായ പിതൃഅനുഭവം അദ്ദേഹം പകർന്നു കൊടുത്തു. ദൈവത്തെ പിതാവേ എന്ന് വിളിച്ചവനും വിളിക്കാൻ മനുഷ്യനെ പഠിപ്പിച്ചവനും ദൈവപിതാവിന്റെ കരുണ നിറഞ്ഞ സ്നേഹം ധൂർത്തപുത്രന്റെ ഉപമയിലൂടെയും മറ്റും വെളിപ്പെടുത്തിയ യേശു യൗസേപ്പിതാവിനെയാണ് പിതാവേ എന്ന് വിളിച്ച് വളർന്നത്. ദൈവപുത്രന് പിതാവിന്റെ സംരക്ഷണവും പോഷണവും വിജ്ഞാനവും യൗസേപ്പിതാവേകി. യേശുവിനെ ഇന്നത്തെ പല പിതാക്കന്മാരും അബദ്ധത്തിൽ ചെയ്യുന്നതുപോലെ തന്റെ മകനെന്ന രീതിയിൽ തന്നിലും തന്റെയിഷ്ടത്തിലും ഒതുക്കാനല്ല. ദൈവത്തിന്റെ പുത്രനെന്ന രീതിയിൽ വളർത്താനാണ് യൗസേപ്പ് ശ്രമിച്ചത്. യൗസേപ്പിതാവിന്റെ ശിക്ഷണത്തിൽ യേശു നല്ല ആത്മബോധത്തോടെ ദൈവപുത്രന്റെ സ്വാതന്ത്ര്യത്തോടെ വളർന്നു. സ്വന്തം കഴിവുകളെല്ലാം കണ്ട് വളർത്തി ദൈവമഹത്വത്തിനും മനുഷ്യരുടെ നന്മക്കുമായി ചെലവഴിച്ചു. മനുഷ്യരോട് സ്നേഹവും കരുതലും അനുകമ്പയും ക്ഷമയും നിറഞ്ഞവനായി വളർന്നു. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും പാഠങ്ങൾ പഠിച്ചു. സ്വന്തം കാലിൽ നിൽക്കാനും അദ്ധ്വാനം

ചെയ്ത് ജീവിക്കാനും പരിശീലിച്ചു. ദൈവത്തിൽ വിശ്വസിക്കാനും ദൈവത്തെ അനുസരിക്കാനും ദൈവകൃപയിൽ വളരാനും ശ്രദ്ധവച്ചു.

യൗസേപ്പിതാവാണ് യേശുവിന് പേരിട്ടത്. രജിസ്ട്രറിൽ ദാവീദിന്റെ പുത്രനെന്ന അഡ്രസ്സ് ഉണ്ടാക്കിക്കൊടുത്തതും നസ്രത്തിൽ ഭവനം പണിത് വീടൊരുക്കിയതും യേശുവിന്റെ ജീവിതത്തിൽ ഇനി തന്റെ സാന്നിദ്ധ്യം ആവശ്യമില്ല എന്ന് കണ്ടറിഞ്ഞ് അദ്ദേഹം ദൈവത്തിന്റെ വിളി കേട്ട് നിത്യതയിലേക്ക് യാത്രയാവുകയും ചെയ്തു. സ്വന്തം മക്കളെ ദൈവത്തിന്റെ മക്കളായി കാണാനും ദൈവദാനമായി സ്വീകരിക്കാനും അവരെക്കുറിച്ചുള്ള ദൈവപദ്ധതി തിരിച്ചറിഞ്ഞ് അതിനനുസൃതം ആദരവോടും സ്നേഹത്തോടും ഉത്തരവാദിത്വത്തോടുംകൂടെ വളർത്താനും അവർക്ക് മാതൃകയും പ്രചോദനവുമായി ജീവിക്കാനും യൗസേപ്പിതാവ് പിതാക്കന്മാരെയും പിതാക്കന്മാരുടെ സ്ഥാനത്തുള്ളവരെയും പ്രചോദിപ്പിക്കുന്നു.

**3. യൗസേപ്പ് – ഉത്തമപിതാവ്കുടുംബനാഥൻ:**

കുടുംബമാണ് സ്നേഹത്തിന്റെ പഠനകളരി, ജീവന്റെ നേഴ്സറി, ജീവിതത്തിന്റെ പരിശീലനവേദി, കുടുംബമില്ലെങ്കിൽ കുട്ടികൾക്ക് മനുഷ്യനായ് ജനിക്കാൻ ഇടം കിട്ടില്ല. വളരാൻ സ്നേഹത്തിന്റെ സംരക്ഷണം ലഭിക്കില്ല. അനാഥരായ് അവർ അലയേണ്ടിവരും. അതിനാലാണ് ദൈവം യേശുവിന്റെ വരവിനൊരുക്കമായി അവിടത്തേക്കുവേണ്ടി തിരുകുടുംബത്തെ ഒരുക്കാൻ ശ്രദ്ധവച്ചത്. ആ കുടുംബത്തിന്റെ തലവനായിരുന്നു യൗസേപ്പ്. ദൈവമാതാവിനെ വിവാഹം കഴിക്കാനും ദൈവപുത്രനെ പേരിട്ട് മകനായി വളർത്താനും ദൈവം തന്നെയാണ് യൗസേപ്പിതാവിനെ ഉത്തരവാദിത്വമേൽപ്പിച്ചത്. ഏതു കുടുംബവും രൂപംകൊള്ളുന്നതും മുന്നേറുന്നതും ദൈവകൃപയാലാണ്. കുടുംബത്തിന്റെ കേന്ദ്രമായി ദൈവം ഉണ്ടായിരുന്നതിനാലാണ് യൗസേപ്പ് രൂപപ്പെടുത്തിയ കുടുംബം തിരുകുടുംബമായി മാറിയത്. അതിന് യൗസേപ്പ് ദൈവത്തെ ആധാരമാക്കി സ്വപ്നത്തിൽപോലും അവിടുത്തെ സ്വരം ശ്രവിച്ച് ദൈവേഷ്ടം തിരിച്ചറിഞ്ഞ് അതിനനുസരിച്ച് ജീവിച്ചു. അതിന്റെ വെളിച്ചത്തിൽ കുടുംബത്തിൽ ഓരോരുത്തരും ബന്ധപ്പെട്ടു പ്രവർത്തിച്ചു. സ്വപ്നത്തിലൂടെപ്പോലും തനിക്ക് ലഭിച്ച നിർദേശമനുസരിച്ച് പ്രവർത്തിച്ചുവെന്ന് ബൈബിൾ നാല് പ്രാവിശ്യം എടുത്തുപറയുന്നു. ഭാര്യയെയും കുഞ്ഞിനെയും ദൈവത്തിന്റെ ദാനമായി ദർശിച്ച് ദൈവത്തിന്റെ സ്നേഹത്തോടെ സ്നേഹിക്കാൻ ദൈവത്തിനെന്നപോലെ അവർക്ക് ശുശ്രൂഷ ചെയ്യാൻ അവിടുന്നു ശ്രദ്ധിച്ചു. ദൈവത്തിന്റെ നിയമമനുസരിച്ച് അവരെ നയിക്കാനും, ദൈവത്തിന്റെ നിർദ്ദേശമനുസരിച്ച് ക്രൂരനായ രാജാവിന്റെ കെണികളിൽ നിന്നും വിമോചിപ്പിക്കാനും നസ്റത്തിൽ വീട് പണിത് അവർക്ക് ഭവനമൊരുക്കാനും കഠിനാധ്വാനം ചെയ്ത് കുടുംബത്തെ പുലർത്താനും യൗസേപ്പിതാവ് തയ്യാറായി. ഭാര്യയിൽ നിന്നും മകനിൽ നിന്നും തനിക്കെന്തു കിട്ടും അവരെ സ്നേഹിക്കുന്നതിലൂടെ തനിക്കെന്ത് പ്രയോജനം എന്നല്ല.

അവർക്ക് എന്തെല്ലാം കൊടുക്കാം എന്തെല്ലാം ചെയ്യാം എന്നാണ് യൗസോപ്പിതാവ് ചിന്തിച്ചത്. അതിനാലാണ് യൗസേപ്പിതാവിനെ അതിവിദക്തൻ എന്ന് അഭിസംബോധന ചെയ്യുന്നത്. സ്വാർത്ഥതയും അഹങ്കാരവും തീർത്തും വെടിഞ്ഞ് തന്നെതന്നെ പൂർണ്ണമായും ദൈവത്തിനും മനുഷ്യർക്കുമായി സമർപ്പിക്കുന്നതാണ് വിരക്തി. യൗസേപ്പിതാവ് തന്റെ കഴിവുകളും സൗകര്യങ്ങളും സമയവും സ്വത്തും ജീവിതം തന്നെയും തന്റെ കുടുംബത്തെ സംരക്ഷിക്കാനും പരിപാലിക്കാനുമായി സമർപ്പിച്ചു.

**4. യൗസേപ്പ് – ഉത്തമപുരുഷൻ**

ഏവർക്കും അനുകരിക്കാൻ തക്കവ്യക്തിത്വമായിരുന്നു യൗസേപ്പിന്റേത്. അദ്ദേഹത്തെ നയിക്കാനും അദ്ദേഹത്തിന് ജീവിതലക്ഷ്യം കൊടുക്കാനും ദൈവസ്വരം വെളിവാക്കുന്ന നല്ല സ്വപ്നങ്ങളുണ്ടായിരുന്നു. കാണുന്നതിനും കേൾക്കുന്നതിനും അപ്പുറം ദർശിക്കാൻ കഴിവുണ്ടായിരുന്നു അദ്ദേഹത്തിന്. അദ്ദേഹം ശ്രദ്ധിച്ചത് ഒത്തിരി പറയാനല്ല നന്നായി പ്രവർത്തിക്കാനാണ്. സത്യത്തിൽ അദ്ദേഹം പറഞ്ഞ ഒരു വാക്കുപോലും ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. പക്ഷെ ചെയ്തത് പലപ്രാവിശ്യം എടുത്ത് പറഞ്ഞിട്ടുണ്ട്. ദൈവേഷ്ടം നിറവേറ്റി ജീവിക്കേണ്ടതിന്റെ ആവശ്യകത കർത്താവ് പലപ്രാവിശ്യം വെളിപ്പെടുത്തിയിട്ടുണ്ട്. അതിന് ഒരു പ്രധാന പ്രചോദനം യൗസേപ്പിതാവിന്റെ ജീവിതമായിരിക്കാം. അതേപ്പോലെ മനുഷ്യരെ പുരുഷന്മാരെയും സ്ത്രീകളെയും മുതിർന്നവരെയും കുട്ടികളെയും ആദരവോടെ ദർശിച്ചവനും അവരിൽ ദൈവത്തെ കണ്ട്കൊണ്ട് അവർക്ക് ദൈവസ്നേഹം പകർന്നു കൊടുത്തവനുമാണദ്ദേഹം. ഉദാഹരണമായി പാപിനിയായ സ്ത്രീയെ തന്റെ മുന്നിൽ കൊണ്ടുവന്നപ്പോൾ യൗസേപ്പിതാവ് മതാവിനോടു കാണിച്ച കാരുണ്യം ഈശോയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകണം. മറ്റു മനുഷ്യരുമായിട്ടുള്ള ബന്ധത്തിൽ ആരെയും തന്റെ വരുതിയിൽ നിർത്താനോ എല്ലാവർക്കും എല്ലായിടത്തും എല്ലാത്തിനും താൻ അത്യാവശ്യമാണ് എന്ന നിലപാടോടെ തന്നെതന്നെ ഉയർത്തിക്കാണിക്കാനോ അദ്ദേഹം തയ്യാറായിട്ടില്ല. എന്റെ ഇഷ്ടം എല്ലായിടത്തും ,ഞാൻ കേന്ദ്രം, എല്ലാവരും എനിക്കുവേണ്ടി എന്ന നിർബദ്ധബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നില്ല. താൻ ദൈവത്തിനുവേണ്ടി മറ്റുള്ളവർക്കുവേണ്ടി എന്ന നിലപാടോടുകൂടിയാണ് അദ്ദേഹം ജീവിച്ചത്. തൊഴിലിന്റെ മാഹാത്മ്യം തിരിച്ചറിയാനും അതിലൂടെ താൻ ദൈവത്തിന്റെ പ്രവർത്തനത്തിൽ പങ്കുച്ചേരുന്നു. തന്റെ ജീവിതത്തെ സാഫല്യത്തിലേക്ക് നയിക്കുന്നു. മറ്റുള്ളവർക്കനുഗ്രഹമായി മാറുന്നു എന്ന ബോധത്തോടെയാണ് അദ്ദേഹം പ്രവർത്തിച്ചതും ജീവിച്ചതും.

അങ്ങനെ ഉത്തമ ഭർത്താവും ഉത്തമപിതാവും ഉത്തമ കുടുംബനാഥനും ഉത്തമപുരുഷനുമായ യൗസേപ്പിതാവിനെ അനുകരിച്ച് നമുക്കും ദൈവത്തെ മഹത്വപ്പെടുത്താം. ഏവർക്കും അനുഗ്രഹമായി ജീവിതത്തെ അർത്ഥപൂർണ്ണമാക്കാം.

*പത്രാധിപർ*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS

**Rev. Fr. Jomon Johny O. Praem** is appointed as the Assistant Parish Priest of St. Mary's Church, Mundakayam

**Rev. Fr. Justin Karamkunnel, CFIC** is transferred from St. Mary's Church, Mundakayam, and is appointed to assist Very Rev. Msgr. Sebastian Poovathumkal in his ministries in the Vimalagiri Cathedral and St. Antony's Relic Pilgrim Center Nagampadam

**Rev. Fr. Augustine Binoy Mecheril**, in addition to his present office, is appointed as the Parish Priest of St. Mary's Church, Nattassery

**Rev. Fr. Varghes Madan, SAC** is relieved from his office as the Parish Priest of St. Joseph's Church, Nedungapra

**Rev. Fr. Peter Inchappara** is appointed as the Parish Priest of St. Joseph's Church, Nedungapra

**Rev. Fr. Emmnuel (Jojy)** Chempara is transferred from St. Mary's Church, Nattassery and is appointed as the Parish Priest of St. Theresa of Calcutta Church, Thodupuzha and is also appointed as the Vicar Forane of District no V (Muvattupuzha)

**Rev. Fr. George Chakkumkal** is transferred from St. Theresa of Calcutta Church, Thodupuzha and is appointed as the Rector of St. Mary's Shrine Kanakkary

**Rev. Fr. Antony Thomas Polakkat**, C.P is relieved from his office as the Assistant Parish Priest of Mount Carmel Church, Munnar.

**Rev. Fr. Moncy Varghese, C.P.** is appointed as the Assistant Parish Priest of Mount Carmel Church, Munnar

**Rev. Fr. Derin Vaz** is appointed as the Assistant Parish Priest of Ave Maria Church, Devikulam.

# Diocese of Vijayapuram
## CIRCULAR LETTER
VOL. XVII • NO.1 • FEBRUARY 2023


യേശുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ബഹു.സന്യസ്തരേ, വന്ദ്യ വൈദികരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

പ്രാർഥനയുടെയും പ്രായശ്ചിത്തത്തിന്റെയും പ്രത്യാശയുടെയും തപസ്സുകാലത്തിലേക്കു നമുക്ക് പ്രവേശിക്കാം, ജീവിതവ്യഗ്രതകളിൽ മുഴുകി വലയുന്ന മനുഷ്യൻ ആശ്വാസം തേടേണ്ടത് തന്റെ തമ്പുരാന്റെ മുമ്പിലാണ്. യഥാർത്ഥത്തിൽ പ്രാർഥന ദൈവത്തിന്റെ മുൻപിൽ വിലയം പ്രാപിക്കാനുള്ള വേദിയാണ്. നിത്യേനയും പ്രധാന തീരുമാനങ്ങളെടുക്കുന്നതിന് മുമ്പും യേശുനാഥൻ ഒറ്റയ്ക്കും ശിഷ്യന്മാരോടൊത്തും പ്രാർഥിക്കുന്നതായി തിരുവചനം സാക്ഷ്യപെടുത്തുന്നു (മത്താ. 14:19;26:36,39,42,44; മർക്കോ. 14:32,35,39; ലൂക്ക.5:16;6,12;9:18;22:32). ദൈവത്തെ ആരാധിക്കാനും സ്തുതിക്കാനും പുകഴ്ത്താനും മഹത്വപെടുത്താനും നമ്മുടെ ആവശ്യങ്ങൾ ഉണർത്തിക്കാനുമുള്ള അവസരമാണീ തപസുകാലം. ഈ തപസുകാലത്ത് നാം ചെയ്തുപോയ പാപങ്ങളോർത്തു അനുതപിക്കുന്നതും പ്രാർഥിക്കുന്നതും അഭിലഷണീയമാണ്. നാം പ്രാർഥിക്കുന്നത് മറ്റുള്ളവർക്കു മാധ്യസ്ഥം തേടുന്നതിനും വേണ്ടിയാണ്. ക്രിസ്തുനാഥൻ പഠിപ്പിച്ച കർത്തൃപ്രാർഥനയിൽ ഈ ഘടകങ്ങളെല്ലാം ഉൾപെടുത്തിയിട്ടുണ്ട് (മത്താ. 6:914; ലൂക്ക.11:24).നാം സാധാരണ പ്രാർഥിക്കുന്നവരാണെങ്കിലും തപസുകാലത്തു ആത്മാർഥമായി പ്രാർഥിക്കുവാൻ കൂടുതൽ സമയം കണ്ടെത്തേണ്ടതാണ്. നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും ദിവ്യകാരുണ്യ ആരാധനയും ധ്യാനങ്ങളും നടത്തുന്നത് ഉചിതമാണ്. കുരിശിന്റെ വഴി, പുത്തൻപാന പാരായണം മറ്റു പാപപരിഹാര പ്രാർഥനകൾ തുടങ്ങിയവയ്ക്ക് നാം പ്രാധാന്യം നൽകണം.

**ഉപവാസവും പ്രാശ്ചിത്തവും**

ആദ്യപാപം മുതൽ മനുഷ്യനെ പാപത്തിലേക്കു വലിച്ചിഴക്കുവാൻ സാത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. മദ്യം,മയക്കുമരുന്ന്, ആധുനിക സാമൂഹികസമ്പർക്ക മാധ്യമങ്ങൾ, ഭക്ഷണം, ലൈംഗികത തുടങ്ങിയ വയോടുള്ള ആസക്തിയിലൂടെയാണ് നാം പ്രലോഭിക്കപ്പെടുന്നത്. തിന്മയെ ഉപേക്ഷിക്കുന്നതിനും നന്മയെ തിരഞ്ഞെടുക്കുന്നതിനുമുള്ള ശക്തി നമുക്ക് ലഭിക്കുന്നത് ഉപവാസത്തിലൂടെയും പരിത്യാഗത്തിലൂടെയും മാത്രമാണെന്ന

സന്ദേശമാണല്ലോ മരുഭൂമിയിലെ പരീക്ഷണത്തിലൂടെ നമുക്ക് നൽകപ്പെടുന്നത്. ദൈവത്തോടൊത്ത് വസിക്കുവാനുള്ള നമ്മുടെ ആത്മാവിന്റെ ദാഹം ശമിപ്പിക്കുവാനാണ് നാം ഉപവസിക്കുന്നത്. തപസുകാലത്തു കൂടെകൂടെ കുമ്പസാരിക്കുവാനും നാം അതീവ താല്പര്യമെടുക്കണം. നാം അറിഞ്ഞും അറിയാതെയും ചെയ്തുപോയ പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുന്നതിനും മത്സ്യമാംസാദികൾ ഉപേക്ഷിച്ച് മിച്ചം വയ്ക്കുന്ന പണം ദാരിദ്രർക്കു കൊടുക്കുവാനുള്ള നല്ല മനസ്സ് ഉണ്ടാക്കിയെടുക്കണം. നമ്മുടെ ഉപവാസം ഫലപ്രദവും ഫലസംദായകവുമാകണം. ഉപവാസത്തിലൂടെ നമ്മുടെ ആത്മീയ ചൈതന്യമാണ് വെളിപ്പെടുക. നാം കപടഭക്തരെ പോലെയാവരുത്. ഇശോ നാഥൻ വ്യക്തമാക്കുന്നുണ്ടല്ലോ: "നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെ പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്നു അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വിരുപമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ നീ ഉപവസിക്കുമ്പോൾ ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകുകയും ചെയ്യുക. അങ്ങനെ ഉപവസിക്കുന്നവനായി നിന്നെ അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കട്ടെ. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം നൽകും" (മത്താ. 6:16–18).

### ഉത്ഥാനം പ്രത്യാശയുടെ തിരുനാൾ

ക്വാദ്രജേസിമോ – നാല്പത് – എന്ന് അറിയപ്പെടുന്ന നാൽപതു നോമ്പിന്റെ സുപ്രധാന ദിനങ്ങൾ വിശുദ്ധ വാരത്തിലാണല്ലോ ആഘോഷിക്കപ്പെടുന്നത്. നമ്മുടെ കർത്താവിന്റെ പീഡാസഹനങ്ങളും ബലിയും കുരിശുമരണവും ഉത്ഥാനവും നമ്മെ പ്രത്യാശയിലേക്കാണ് നയിക്കുന്നത്. ഒരു പുതുജീവൻ നമുക്ക് പ്രദാനം ചെയ്യുന്ന തിരുനാളാണ് ഈസ്റ്റർ. പരി. ഫ്രാൻസിസ് പാപ്പ വ്യക്തമാക്കുന്നത്: നമ്മുടെ ജീവിതം പ്രത്യാശയുടെ തിർത്ഥാടനമാണ് എന്നാണ്. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം കർത്താവിന്റെ ഉത്ഥാനമാണെന്നാണ് വി. പൗലോസ് അപ്പസ്തോലൻ ഏറ്റുപറയുന്നത്: "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർഥം" (1 കൊറി. 15:13).

വി.ചാൾസ് ബോറോമിയോ പഠിപ്പിക്കുന്നത് : നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനശില ക്രൂശിതനായ ക്രിസ്തുവാണ്. അവൻ നമ്മുടെ മധ്യസ്ഥനും നമ്മുടെ പാപപരിഹാരത്തിന്റെ ബലിയും ബലിവസ്തുവും ആണ്. അവൻ നന്മയും ക്ഷമാശീലനും ആണ്, പാപികളുടെ കണ്ണീർ അവന്റ കാരുണ്യത്തെ കീഴ്പ്പെടുത്തും. ധൂർത്തപുത്രനെ പോലെ തെറ്റുകൾ തിരിച്ചറിഞ്ഞു പിതാവായ ദൈവത്തിന്റെ പക്കലേക്കു തിരിയുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് പ്രത്യാശയിലുള്ള നമ്മുടെ ബോധ്യം ആണ്. അതിനായി പരിശുദ്ധാത്മാവിന്റ

സഹായം ആവശ്യമാണ്. ഇത്തരുണത്തിൽ പരി. ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ നമുക്കു പ്രചോദന മേകും: പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ നമുക്കു സ്വയം അനുവദിക്കാം. നമ്മുടെ ഹൃദയത്തോട് സംസാരിക്കുവാനും നമ്മോട് ഇത് പറയുവാനും നമുക്ക്അവിടുത്തെ അനുവദിക്കാം: ദൈവം സ്നേഹമാകുന്നു, ദൈവം നമുക്ക് വേണ്ടി കാത്തിരിക്കുന്നു, ദൈവം പിതാവാണ്, ഒരു യഥാർത്ഥ പിതാവ് സ്നേഹിക്കുന്നതുപോലെ അവിടുന്ന് നമ്മെ സ്നേഹിക്കുന്നു. പരിശുദ്ധാത്മാവിന് മാത്രമേ നമ്മുടെ ഹൃദയങ്ങളിൽ ഇത് പറയുവാൻ കഴിയു. നമുക്ക് പരിശുദ്ധാത്മാവിനെ കേൾകാം, നമുക്ക് പരിശുദ്ധാത്മാവ് പറയുന്നത് ശ്രദ്ധിക്കാം. എങ്കിൽ സ്നേഹത്തിന്റെയും കരുണയുടെയും ക്ഷമയുടെയും ഈ പാതയിൽ നാം മുന്നോട്ടു പോകും. ഈ തപസ്സുകാലം പരിശുദ്ധാത്മാവിന്റ അഭിഷേകത്താൽ നവീകരിക്കപെടാനുള്ള അമൂല്യമായ അവസരമായി നമുക്കു സ്വീകരിക്കാം.

**വൈദികദിനവും തൈലാശിർവാദ ദിവ്യബലിയും (CHRISM MASS)**

പെസഹവ്യാഴാഴ്ച അന്ത്യഅത്താഴവേളയിലാണല്ലോ നമ്മുടെ കർത്താവു പൗരോഹിത്യം സ്ഥാപിച്ചത്. കർത്താവിന്റെ ബലിയും രക്ഷണിയ ശുശ്രുഷയും ലോകത്തു തുടർന്നുകൊണ്ടു പോകുന്നതിനാണ് അവിടുന്ന് പുരോഹിതരെ അഭിഷേകം ചെയ്തത്. ബലി അർപ്പിച്ചും, പാപമോചനം നൽകിയും മറ്റു കൂദാശകൾ പരികർമ്മം ചെയ്തും നേർവഴിക്കു നയിച്ചും പുരോഹിതർ ജനത്തെ ശുശ്രുഷിക്കുന്നു. പുരോഹിതർ അനുഗ്രഹം പകർന്നു തരുന്നവരും അനുഗ്രഹീതരുമാകുന്നു. പതിവുപോലെ ഈ വർഷവും വിശുദ്ധവാരത്തിലെ ചൊവ്വയും ബുധനുമാണ്(ഏപ്രിൽ 4,5) പൗരോഹിത്യദിനങ്ങളായി നാം ആഘോഷിക്കുന്നത്. നമ്മുടെ രൂപതയിൽ ശുശ്രുഷ ചെയ്യുന്ന എല്ലാ വൈദികരും ഏപ്രിൽ 4-ാം തീയതി വൈകിട്ട് 5 മണിയോടു കൂടി വിമലഗിരി പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്. നമ്മുടെ രൂപതയിലും വിമലഗിരി കത്തീഡ്രലിലും നടക്കുന്ന ഏറ്റവും ശ്രേഷ്ഠമായ തിരുകർമ്മമാണ് തൈലാശിർവ്വാദ ദിവ്യബലി. ജ്ഞാനസ്നാനം സ്ഥൈര്യലേപനം രോഗിലേപനം തിരുപ്പട്ടം തുടങ്ങിയ കൂദാശകൾക്ക് ഒരു വർഷത്തേക്ക് ആവശ്യമായ തൈലങ്ങളാണ് ആശിർവദിക്കപ്പെടുന്നത്. രൂപതയിലെ എല്ലാ വൈദികരുടെയും സന്യസ്ഥരുടെയും കഴിയുന്നത്ര അല്മായരുടെയും സജീവസാന്നിധ്യം പ്രസ്തുത ബലിയിൽ ഉറപ്പുവരുത്തണമെന്ന് സഭ നിഷ്കർഷിക്കുന്നു. ഈ ബലിവേളയിലാണ് നമ്മുടെ വൈദികർ തങ്ങളുടെ പൗരോഹിത്യവ്രതം നവീകരിക്കുന്നത്. ആയതിനാൽ 2023 ഏപ്രിൽ 5ന് രാവിലെ 7.30ന് ആരംഭിക്കുന്ന ദിവ്യ ബലിയിലേക്ക് ഏവരെയും സസ്നേഹം ക്ഷണിച്ചു കൊള്ളുന്നു.*

**വിശപ്പിനും രോഗത്തിനു എതിരായ യത്നം**

നമ്മുടെ നോമ്പാചാരണം കഷ്ടപ്പെടുന്നവരിൽ യേശുവിനെ കണ്ടുകൊണ്ട് അവർക്കു ആവശ്യമായ സഹായം ചെയ്യുവാനുള്ള മനസ്സ് രൂപപ്പെടുത്തണം. നോമ്പ് കാലത്തിലെ രണ്ടു ഞായറാഴ്ചകളിൽ ഈ ആവശ്യത്തിനായി സ്തോത്ര കാഴ്ചകൾ നടത്തി കഴിയുന്നത്ര വേഗത്തിൽ Carithas India -ക്ക് അയച്ചുകൊടുക്കുന്നതിനായി നമ്മുടെ VSSS ഓഫീസിൽഎത്തിക്കുമല്ലോ.

**നമ്മുടെ വൈദികരെ നമുക്ക് സ്നേഹിക്കാം സഹായിക്കാം**

ഇശോയുടെ വിളി ശ്രവിച്ചു സകലതും ഉപേക്ഷിച്ച നമ്മുടെ വൈദികർക്കും സന്യസ്തർക്കും വേണ്ടി നാം തീക്ഷ്ണമായി പ്രാർഥിക്കണം. സവിശേഷമായ ധാരാളം ദൈവവിളികളുണ്ടാകുന്നതിനായി നമ്മുടെ കുടുംബ പ്രാർഥനകളിൽ പ്രത്യേക നിയോഗം വെക്കണം. കർത്താവ് പൗരോഹിത്യം സ്ഥാപിച്ച പെസഹ വ്യാഴാഴ്ച വൈദികർക്കായി തീവ്രമായി പ്രാർഥിക്കുകയും ഉദാരമായി സ്തോത്രകാഴ്ചകൾ നടത്തി വൈദികരുടെ പരിപാലനത്തിനായുള്ള PMAS -ൽ ഏല്പിക്കുമല്ലോ.

ഫെബ്രുവരി 22 വിഭൂതിബുധനാഴ്ച ശിരസ്സിൽ ചാരം പൂശികൊണ്ടാണല്ലോ നാം നോമ്പ് ആരംഭിക്കുന്നത്. അന്ന് നാം പ്രേത്യകം അനുസ്മരിക്കുന്ന യാഥാർഥ്യം നാം പൊടിയായിരുന്നു പൊടിയിലേക്ക് തന്നെ പിന്തിരിയും. നഷ്ടപ്പെട്ടു പോകുന്ന ശരീരത്തിനു വേണ്ടിയല്ല നാം ജീവിക്കേണ്ടത് അനശ്വരമായ ആത്മാവിനാണ് നാം മുൻഗണന നൽകേണ്ടതെന്നും പ്രസ്തുത വചനം നമ്മെ ഓർമപ്പെടുത്തുന്നു. ലോകത്തിന്റെ സകലവിധ അടിമചങ്ങലകൾ പൊട്ടിച്ചു മാനസാന്തരത്തോടെ നമ്മുടെ കർത്താവ് നേടിത്തന്ന സ്വാതന്ത്ര്യം ആസ്വദിക്കാൻ ഏവർക്കും കഴിയട്ടെയെന്നും അനുഗ്രഹപ്രദമായ തപസനുഷ്ഠിച്ച് ആനന്ദപ്രദമായ ഒരു ഈസ്റ്റർ ആഘോഷിക്കുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്നും പ്രാർഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരെയും ആശിർവദിച്ചുകൊള്ളുന്നു.

കോട്ടയം
15-02-2023

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

---

**ആവശ്യമായ ക്രമീകരണം നടത്തുന്നതിനായി ഏപ്രിൽ 5-ന് ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൈലാശിർവാദ ദിവ്യബലിയിൽ പങ്കെടുക്കുന്നവരുടെ എണ്ണം  മാർച്ച് 31-നു മുമ്പായി കൂരിയായിൽ അറിയിക്കേണ്ടതാണ്.*

# മദ്യവിരുദ്ധ ഞായർ, 2023 മാർച്ച് 12

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സന്ദേശം

വന്ദ്യ വൈദീകരേ, സന്യാസ സഹോദരങ്ങളെ, മിശിഹായിൽ പ്രിയ വിശ്വാസികളെ,

മാർച്ച് 12-ാം തീയതി കേരള കത്തോലിക്കാസഭ മദ്യവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണല്ലോ. മദ്യ-ലഹരി വിപത്തിനെക്കുറിച്ച് ആഴമായി ചിന്തിക്കുവാനും ഫലപ്രദമായി നേരിടുവാനും അതിജീവിക്കാനും, മദ്യവിരുദ്ധ പ്രതിജ്ഞകളെടുക്കുവാനുമുള്ള ഒരു അവസരമാണ് ഈ ആചരണത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന വലിയൊരു തിന്മയാണ് മദ്യവും രാസനിർമ്മിതമായ ലഹരിയുമെന്ന് എല്ലാവർക്കും അറിയാം. മദ്യവിരുദ്ധ സമിതി കഴിഞ്ഞ 25 വർഷമായി, മദ്യവിരുദ്ധസഭയും സമൂഹവുമെന്ന, ആപ്തവാക്യവുമായി പ്രവർത്തിച്ചു വരുന്നു.

സാമൂഹ്യ തിന്മകളുടെ കാര്യത്തിൽ സാക്ഷര കേരളം മുൻപന്തിയിലാണ്. സമൂഹത്തിന്റെ ധാർമ്മിക അധഃപതനത്തിനും മൂല്യച്യുതിക്കും മദ്യപാനവും ലഹരി ഉപയോഗവും മുഖ്യപങ്കുവഹിക്കുന്നു. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കാരണം കേരളത്തിന്റെ എല്ലാ കോണുകളും ഗുണ്ടാ സംഘങ്ങളും ലഹരി മാഫിയയും കയ്യടക്കിയിരിക്കുന്നു. ഇവിടെ നടക്കുന്ന കൊള്ളയും കൊലയും അനീതിയും അഴിമതിയും ആത്മഹത്യയും പെരുകുന്നതിന്റെ കാരണവും ഒരു പരിധിവരെ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗമാണ്. ലഹരി മാഫിയക്കെതിരെ പോരാടാനുറച്ച്കൊണ്ട് ജില്ലാ, താലൂക്കു, പഞ്ചായത്തു തലത്തിൽ സമിതികൾ രൂപീകരിച്ചും, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും സർക്കാർ നീങ്ങുകയാണ്. ഒരു വശത്ത് ബാറിന്റെയും ബിവറേജ് ഔട്ട്ലെറ്റുകളുടെയും എണ്ണം വർധിപ്പിച്ചും, ബ്രൂവറികളും പഴവർഗങ്ങളിൽ നിന്ന് മദ്യം ഉല്പാദിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും അനുവദിച്ചും മുന്നേറുന്നു. മറുവശത്ത് ലഹരിമുക്തകേരള കാമ്പയിൻ സംഘടിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെമ്പാടും പ്രചരണത്തിന് സർക്കാർ നേതൃത്വം കൊടുക്കുന്നു. കേരളം ലഹരി മാഫിയയുടെ ഹബ്ബായി മാറിയിരിക്കുന്നുവെന്ന് സർക്കാർ തിരിച്ചറിഞ്ഞു. സോഷ്യൽ മീഡിയയുടെ വ്യാപക ഉപയോഗം മയക്കുമരുന്നിലേക്ക് യുവാക്കളെ ആകർഷിക്കാനും എളുപ്പത്തിൽ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. സർക്കാരിന് ഇച്ഛാശക്തിയുണ്ടെങ്കിൽ ഏതു മയക്കുമരുന്നു മാഫിയയെയും അടിച്ചമർത്താനും ഉന്മൂലനം ചെയ്യാനും സാധിക്കും. വിവിധ രാഷ്ട്രീയ പാർട്ടികളും അവരുടെ പോഷകസംഘടനകളും ലഹരിക്കെതിരെ പോരാടുമെന്ന് പ്രതിജ്ഞ ചെയ്തിട്ടും ചിലർ ഒളിഞ്ഞും തെളിഞ്ഞും ലഹരിക്ക

ച്ചവടം നടത്താനും മദ്യ-ലഹരികടത്തുകാരുമായി ചേർന്ന് നേട്ടമുണ്ടാക്കാനും നടത്തുന്ന ശ്രമങ്ങൾ പകൽപോലെ സത്യമാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 47 പ്രകാരം ദാരിദ്രത്തിനും കുറ്റകൃത്യങ്ങൾക്കും കാരണമായ മദ്യവും അതിന്റെ വ്യവസായവും ഒഴിവാക്കുന്നതിന്, എല്ലാ പൗരന്മാർക്കും കടമയുണ്ടെന്നും മദ്യവ്യാപാരം ആരുടെയും അവകാശമല്ലെന്നും 1975-ൽ സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യവ്യവസായം ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ വ്യാപാരമാണെന്ന് 1984-ൽ കേരള ഹൈക്കോടതിയും വിധിച്ചിട്ടുണ്ട്. മദ്യവിപണനവും നിർമ്മാണവും സർക്കാർ ഏറ്റെടുത്തു നടത്തുന്നത് കാപട്യമാണ്. മദ്യകുപ്പികളിൽ ആരോഗ്യത്തിനു ഹാനികരമാണെന്ന ലേബലൊട്ടിച്ചാണ് സർക്കാർ വിതരണം നടത്തുന്നത്. കേരളത്തിലെ ജയിലുകളിൽ കഴിയുന്ന ഭൂരിപക്ഷം തടവുകാരും മദ്യലഹരിയിൽ കൊലപാതകങ്ങളും മറ്റ് അക്രമങ്ങളും നടത്തിയവരാണ്. റോഡപകടങ്ങളിൽ ഏറിയപങ്കും മദ്യലഹരിക്കടിമപ്പെട്ടവരുടെയും മദ്യപിച്ച് വാഹനമോടിച്ചവരുടെയും ഇരകളായിട്ടുള്ളവരാണ്. മദ്യപിച്ചെത്തിയ പിതാവിന്റെ അക്രമണം ഭയന്ന് രാത്രി തോട്ടത്തിലൊളിച്ച നാലുവയസുകാരി പാമ്പുകടിയേറ്റ് മരണപ്പെട്ട ദാരുണ സംഭവം ആരും മറക്കാനിടയില്ല. മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കുമെന്നും മദ്യവർജനമാണ് സർക്കാർ മദ്യനയമെന്നും വാഗ്ദാനം ചെയ്തു അധികാരത്തിൽവന്ന സർക്കാർ ഘട്ടം ഘട്ടമായി കേരളത്തെ മദ്യത്തിൽ മുക്കിക്കൊല്ലുന്ന കാഴ്ചയാണ് നാം കാണുന്നത്. നാടുതകർന്നാലും സമൂഹം നശിച്ചാലും സ്കൂൾകുട്ടികൾ ഉൾപ്പെടെയുള്ള യുവജനങ്ങൾ ലഹരിക്കടിമപ്പെട്ടാലും അക്രമം പെരുകിയാലും ഖജനാവ് നിറയ്ക്കണം എന്ന ചിന്ത ഒരു ജനാധിപത്യ സർക്കാർക്കാരിന് ഭൂഷണമല്ല.

ഒരുവശത്ത് ലഹരിവിരുദ്ധ ക്യാംപെയ്ൻ സംഘടിപ്പിക്കുകയും അത് പാഠ്യപദ്ധതിയുടെ ഭാഗമാക്കുമെന്നു വാഗ്ദാനം ചെയ്യുകയും മറുവശത്ത് യഥേഷ്ടം മദ്യം ഒഴുക്കുകയും അതിന് നേതൃത്വം കൊടുക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. അതീവ ഗുരുതരമായ സാമൂഹ്യപ്രശ്നത്തെ സൃഷ്ടിച്ചുകൊണ്ട് മനുഷ്യന്റെ സ്വൈര്യജീവിതം തകർക്കുന്ന മദ്യവ്യാപാരത്തിൻനിന്ന് സർക്കാർ പിന്മാറുവാൻ ആർജവത്തം കാട്ടണം. ബാല്യത്തിൽ തുടങ്ങുന്ന മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും യുവത്വത്തിലും തുടർന്നുള്ള ജീവിത കാലഘട്ടങ്ങളിലും മനുഷ്യനെ ഇരുണ്ടയുഗത്തിലേക്ക് നയിക്കും. കേരളത്തിൽ ആരോഗ്യവിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ സമഗ്ര സംഭാവന നല്കിയിട്ടുള്ള കേരളകത്തോലിക്കാസഭയ്ക്ക് ഈ നാടിനെ മദ്യത്തിൽനിന്നും ലഹരിയിൽ നിന്നും വിമുക്തമാക്കുകയെന്ന സുപ്രധാന ദൗത്യത്തിൽ നിന്ന് മാറിനില്ക്കാനാവില്ല. മോചനത്തിന്റെ സദ്വാർത്തയായി പുനരവതരിക്കുകയെന്നത് സഭയുടെ കർത്തവ്യമാണ്; കടമയാണ്. ആധുനിക സഭയുടെ പ്രവാചക സാന്നിധ്യമായിരുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ആധുനിക സമൂഹത്തിലെ ഏറ്റവും മോശപ്പെട്ട മഹാമാരികളിൽ

ഒന്നാണ് മദ്യാസക്തിയെന്ന ബോധ്യം മുൻകാലങ്ങളേക്കാൾ വ്യാപകമായിരിക്കുന്നു. ഈ തിരിച്ചറിവുതന്നെ ഏറ്റവും ശ്രേയസ്ക്കരമായ ഒന്നാണ്. എന്നാൽ, മുൻകാലങ്ങളെക്കാൾ അടിയന്തിരമായി കൂടുതൽ കൂട്ടായ പ്രവർത്തനം ഈ വിഷയത്തിൽ ആവശ്യമാണ്. ഈ പ്രശ്നം മനുഷ്യവ്യക്തിയെ ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ്. മാനവ കുടുംബത്തിലെ എല്ലാവരും മതവിശ്വാസങ്ങൾക്കതീതമായി, പ്രതീക്ഷയോടെ, ആത്മവിശ്വാസത്തോടെ ഗുരുതരവും വ്യാപകവുമായ മദ്യാസക്തി ഉയർത്തുന്ന ഭീഷണികളെ നേരിടാൻ മനുഷ്യന്റെ സഹായത്തിനെത്തുകയെന്നത് ഉന്നതമായ ഒരു വെല്ലുവിളിയാണ്. എന്നാൽ, നിങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിൽ ഏകോപനങ്ങൾക്കുകൂടി കാരണമാകും (International Conference on the Scientific Social and Moral aspects of Alchololism, Friday 22nd June 1984).

മദ്യവിമുക്ത സമൂഹത്തിനുവേണ്ടി ലോകാരോഗ്യസംഘടന നിർദേശിച്ച ത്രിമാന പദ്ധതി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി നടപ്പിലാക്കിവരുന്നു. ഡിമാന്റ് റിഡക്ഷൻ (മദ്യപിക്കുന്നവരുടെ എണ്ണം കുറയ്ക്കുക), സപ്ളൈ റിഡക്ഷൻ (ലഭ്യത കുറയ്ക്കുക), റിസ്ക് റിഡക്ഷൻ (മദ്യപിച്ച് രോഗികളായവരെ ചികിത്സിക്കുക) എന്നിവയാണ് ത്രിമാന പദ്ധതികൾ. കേരള ജനസംഖ്യയിൽ നല്ല ശതമാനം ലഹരിക്കടിമപ്പെട്ടിരിക്കയാണ്. ഏഷ്യയിൽ ഏറ്റവും കൂടുതൽ ലഹരിചികിത്സാകേന്ദ്രങ്ങൾ ഉള്ളത് കേരളത്തിലാണ്. 9 നും 12 നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾവരെ ലഹരിക്കും മദ്യത്തിനും അടിപ്പെട്ടരിക്കുന്നുവെന്നത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ പരിസരങ്ങളും സ്കൂളിനകവുംവരെ ലഹരി വിപണ സ്ഥലമായിരിക്കുന്നു. പുത്തൻ തലമുറ മദ്യത്തിൽനിന്ന് പുതുപുത്തൻ ലഹരി ഉപയോഗത്തിന്റെ പിടിയിലമർന്ന കാഴ്ചകൾക്കാണ് നാം സാക്ഷ്യം വഹിക്കുന്നത്. കഴിഞ്ഞ ഒന്നര വർഷത്തിനകം ലഹരി വിമോചനകേന്ദ്രങ്ങളിൽ 21 വയസ് തികയാത്ത 3933 പേരാണ് ചികിത്സക്കെത്തിയത്. ഇതിൽ 40 ശതമാനം പേർ 18 വയസ് തികയാത്തവരും. ഈ പരിതാപകരമായ സാഹചര്യത്തിൽ കാരിത്താസ് ഇൻഡ്യാ കേരളത്തിലേക്ക് 'സജീവം' എന്ന പേരിൽ ലഹരിക്കെതിരെ ഒരു പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നു. കേരള കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ പൂർണ്ണ പിൻതുണയോടെ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും സോഷ്യൽ സർവ്വീസ് ഫോറവും സംയുക്തമായി ചേർന്ന് ഈ പദ്ധതിക്ക് നേതൃത്വം നല്കുന്നു. മദ്യവിമുക്ത സഭയും സമൂഹവുമെന്ന ലക്ഷ്യം നേടിയെടുക്കാനുള്ള ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് എല്ലാവരുടെയും സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. സ്കൂൾ കോളേജ് തലത്തിലും വിശ്വാസ പരിശീലനക്ലാസുകൾ, മതാധ്യാപകർ, യുവജനങ്ങൾ തുടങ്ങിയ വിവിധ ശുശ്രൂഷ മേഖലകളിലുള്ളവരെ ഉൾപ്പെടുത്തിയാണ് ബോധവൽക്കരണ ക്ലാസു നടത്തുന്നത്.

മനുഷ്യന്റെ സമഗ്ര വളർച്ചയ്ക്കും വികസനത്തിനും തടസമായ മദ്യാസക്തിയും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവും സൃഷ്ടിക്കുന്ന മരണസംസ്ക്കാരത്തിൽ നിന്ന് നാടിനെ രക്ഷിക്കാനുള്ള ഉത്തരവാദിത്വം നാം ഏറ്റെടുക്കണം. ലഹരിക്കെതിരായ പോരാട്ടത്തിൽ സ്വീകരിക്കേണ്ട അജപാലന മനോഭാവങ്ങൾ ഏറെ പ്രസക്തവും പ്രാധാന്യമർഹിക്കുന്നതുമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ക്രൈസ്തവ സ്നേഹത്തിലൂടേയും കാരുണ്യത്തോടെയും ബോധവൽക്കരണ ചികിത്സാ മാർഗങ്ങളിലൂടേയും പുതിയ ജീവിതത്തിലേക്ക് തിരികെ എത്തിക്കുവാൻ നമുക്കേവർക്കും കടമയുണ്ട്. 1996-ൽ ആരംഭിച്ച കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇപ്പോൾ രജത ജൂബിലി നിറവിലാണ്. കഴിഞ്ഞ 25 വർഷം ഈ സമിതിയെ നയിച്ച അഭിവന്ദ്യ പിതാക്കന്മാരേയും വൈദിക ശ്രേഷ്ഠരേയും അത്മായ സഹോദരങ്ങളെയും നന്ദിപൂർവ്വം ഓർക്കുന്നു. കേരളത്തിലെ മദ്യവ്യാപരത്തിനെതിരെ സന്ധിയില്ലാ സമരം നടത്തുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രഥമ ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവും മദ്യവിപത്തിനെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവും, അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തച്ചേരിൽ പിതാവും അഭിവന്ദ്യ റമിജിയൂസ് ഇഞ്ചനാനിയൽ പിതാവും ഈ സമിതിക്ക് ധീരമായ നേതൃത്വം കൊടുത്തവരാണ്.

മദ്യവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ദൈവത്തിലാശ്രയിച്ചുകൊണ്ട് മുന്നോട്ടു കൊണ്ടുപോകാം. ഓരോ ഇടവകയിലും സ്ഥാപനങ്ങളിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 12-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രകാഴ്ച മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**

*(ചെയർമാൻ, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി)*

**ബിഷപ്പ് ക്രിസ്തുദാസ്. ആർ, ബിഷപ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**

*(വൈസ് ചെയർമെൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)*

പി.ഒ.സി. കൊച്ചി - 682025

N.B.: ഈ സർക്കുലർ 2023 മാർച്ച് 12-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

### പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2023-ലെ
### തപസ്സുകാലത്തിലേക്കു നല്കുന്ന സന്ദേശം

# “തപസ്സുകാല അനുതാപവും സിനഡാത്മക സഞ്ചാരവും”

പ്രിയ സഹോദരീസഹോദരന്മാരേ,

മത്തായിയുടെയും മർക്കോസിന്റെയും ലൂക്കായുടെയും സുവിശേഷങ്ങൾ യേശുവിന്റെ രൂപാന്തരണത്തിന്റെ വിവരണം നല്കുന്നു. തന്നെ മനസ്സിലാക്കാൻ പരാജയപ്പെട്ട ശിഷ്യന്മാരോടുള്ള യേശുവിന്റെ പ്രതികരണമാണ് നാം അവിടെ കാണുന്നത്. അതിന് അല്പംമുമ്പായി ഗുരുവും ശിമയോൻ പത്രോസും തമ്മിൽ ഗൗരവമായ ഒരു അഭിപ്രായവ്യത്യാസ പ്രകടനം നടന്നിരുന്നു. യേശുവിനെ ക്രിസ്തുവും ദൈവപുത്രനും ആയി പ്രഖ്യാപിച്ച പത്രോസിന് അവിടത്തെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും പ്രവചനം ഉൾക്കൊള്ളാനായില്ല. അതിനാൽ യേശു പത്രോസിനെ ശക്തമായി ശകാരിച്ചു: “സാത്താനേ, നീ എന്റെ പിന്നിലേക്കു പോകു, നീ എനിക്കു തടസ്സമാണ്. കാരണം, നീ ചിന്തിക്കുന്നത് ദൈവികകാര്യങ്ങളല്ല, മാനുഷികകാര്യങ്ങളാണ്” (മത്താ 16:23). ഇതിനെ തുടർന്ന്, “യേശു ആറുദിവസം കഴിഞ്ഞ് പത്രോസ്, യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ എന്നിവരെമാത്രം കൂട്ടിക്കൊണ്ട് ഒരുയർന്ന മലയിലേക്കു പോയി” (മത്താ 17:1).

എല്ലാവർഷവും തപസ്സുകാലത്തിലെ രണ്ടാംഞായറാഴ്ച രൂപാന്തരണത്തിന്റെ സുവിശേഷം വായിച്ചുവരുന്നു. ആരാധനക്രമത്തിലെ ഈ കാലഘട്ടത്തിൽ കർത്താവ് നമ്മെ തന്നോടൊപ്പം വേറൊരു സ്ഥലത്തേക്കു മാറ്റിനിറുത്തുന്നു. നമ്മുടെ സാധാരണയുള്ള ചുമതലകൾ നമ്മെ നാം സാധാരണയായി ആയിരിക്കുന്നിടത്തുതന്നെ നിലകൊള്ളാനും നാം പലപ്പോഴും ആവർത്തിച്ചുചെയ്യുന്നതും വിരസത ഉളവാക്കുന്നതുമായ ദൈനംദിന പ്രവൃത്തികൾ നിർവഹിക്കാനും നിർബന്ധിക്കുമ്പോൾ യേശുവിനോടൊത്ത് “ഒരുയർന്ന മലയിലേക്കു” കയറിപ്പോകാനും അങ്ങനെ ദൈവത്തിന്റെ വിശുദ്ധ ജനമെന്ന നിലയ്ക്ക് സവിശേഷമായ ഒരു ആധ്യാത്മിക അച്ചടക്കത്തിന്റെ (താപസവൃത്തി - ‘അഷേസിസ്’ എന്ന് ലത്തീനിൽ) അനുഭവത്തിൽ ജീവിക്കാനുമായി തപസ്സുകാലം നമ്മെ ക്ഷണിക്കുന്നു.

തപസ്സുകാല അനുതാപം എന്നത് നമ്മുടെ വിശ്വാസകുറവിനേയും യേശുവിനെ കുരിശിന്റെ പാതയിൽ അനുഗമിക്കുന്നതിനുള്ള നമ്മുടെ വിമുഖതയെയും മറികടക്കുന്നതിനുള്ള കൃപാവരങ്ങൾ പരിപോഷിപ്പിക്കപ്പെടുന്ന ഒരു പ്രതിജ്ഞാബദ്ധതയാണ്. ഇതുതന്നെയായിരുന്നു പത്രോസും ഇതരശിഷ്യരും ചെയ്യേണ്ടിയിരുന്നത്. ഗുരുവിനെകുറിച്ചുള്ള അറിവ് ആഴപ്പെടുത്താനും, സ്നേഹത്താൽ പ്രചോദിതരായി സമ്പൂർണ സ്വയംദാനം

വഴി നേടിയെടുക്കപ്പെട്ട, അവിടത്തെ രക്ഷയുടെ രഹസ്യത്തെ പൂർണ്ണമായി മനസ്സിലാക്കാനും അതിനെ ആശ്ലേഷിക്കാനുമായി നമ്മെ അവിടന്നു വേർതിരിച്ചു നിറുത്താനും കേവലസാമാന്യതയിൽ നിന്നും വ്യർഥതയിൽ നിന്നും വേർതിരിക്കപ്പെടാനും നാം നമ്മെത്തന്നെ അനുവദിക്കണം. അതിയായി നാം ഒരു യാത്രയ്ക്കു തയ്യാറാവണം; മലകയറുന്നതുപോലെ മുകളിലേക്കുള്ള ഒരു യാത്രയാണിത്; അതിന് പ്രയത്നവും ത്യാഗവും ഏകാഗ്രതയും ആവശ്യമുണ്ട്. ഒരു സഭ എന്ന നിലയ്ക്ക് ഇന്ന് നാം പ്രതിജ്ഞാബദ്ധരായിരിക്കുന്ന സിനഡാത്മക സഞ്ചാരത്തിനും അവ അനിവാര്യമാണ്. ആകയാൽ, തപസ്സനുഷ്ഠാനവും സിനഡാത്മക അനുഭവവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള വിചിന്തനം വളരെ ഉപകാരപ്രദമായിരിക്കും.

താബോർമലയിലേക്കുള്ള തന്റെ 'പിൻവാങ്ങലിൽ' (retreat) യേശു മൂന്ന്ശിഷ്യന്മാരെ കൂടെകൊണ്ടുപോയി; അസാധാരണമായ ആ സംഭവത്തിന് സാക്ഷികളാകാൻ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു അവർ. എന്നാൽ, കൃപയുടെ ആ അനുഭവം പങ്കുവെയ്ക്കപ്പെടണമെന്ന് യേശു ആഗ്രഹിക്കുന്നു; അത് അവരുടേത് മാത്രമായി അവശേഷിക്കാൻ പാടില്ല; നമ്മുടെ വിശ്വാസജീവിതം എന്നതുതന്നെ പങ്കുവെയ്ക്കപ്പെടുന്ന ഒരു അനുഭവം ആണല്ലോ! എന്തെന്നാൽ, ഒത്തൊരുമിച്ചാണല്ലോ നാം യേശുവിനെ അനുഗമിക്കുന്നത്. സമയബന്ധിത മായിരിക്കുന്ന ഒരു തീർത്ഥാടക സഭ എന്ന നിലയിൽ നാം ഒരുമിച്ചാണ് ആരാധനാവർഷവും അതിന്റെ ഭാഗമായിരിക്കുന്ന തപസ്സുകാലവും ആചരിക്കുന്നതും അനുഭവിക്കുന്നതും; അതായത്, നമ്മുടെ സഹയാത്രിക രോടൊപ്പം, കർത്താവ് നമുക്ക് നൽകിയിട്ടുള്ളവരോടൊപ്പം, നടന്നുകൊണ്ട്. യേശുവിന്റെയും ശിഷ്യ ന്മാരുടെയും താബോർ മലകയറ്റംപോലെ നമ്മുടെ തപസ്സുകാലസഞ്ചാരവും സിനഡാത്മകം ആണെന്ന് നമുക്ക് പറയാനാകും; കാരണം, അതു നാം ഒരേ ഗുരുവിന്റെ ശിഷ്യർ എന്ന നിലയിൽ ഒരേയൊരു പാതയിൽ ഒരുമിച്ചു നടക്കുന്നതാണ്. എന്തെന്നാൽ, യേശുതന്നെയാണ് 'വഴി' എന്ന് നമുക്കറിയാം. അതിനാൽ, ആരാധനക്രമപരമായ സഞ്ചാരത്തിലും സിനഡിന്റെ സഞ്ചാരത്തിലും സഭ നടത്തുന്നത് രക്ഷകനായ ക്രിസ്തുവിന്റെ രഹസ്യത്തിലേക്ക് കൂടുതൽ ആഴത്തിലും പൂർണതയിലും പ്രവേശിക്കുക എന്നതിലുപരി മറ്റൊന്നുമല്ല.

അങ്ങനെ നാം അതിന്റെ ഉച്ചസ്ഥാനത്ത് എത്തിച്ചേരുന്നു. യേശു 'അവരുടെ മുമ്പിൽവച്ച് രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി; അവന്റെ വസ്ത്രങ്ങൾ പ്രകാശംപോലെ ധവളമായി' (മത്താ 17:2) എന്ന് സുവിശേഷം പറയുന്നു. സഞ്ചാരത്തിന്റെ കൊടുമുടി അഥവാ ലക്ഷ്യം ഇതാണ്. തങ്ങളുടെ ആരോഹണത്തിന്റെ അവസാനം അവർ ഗിരിശൃംഗത്തിൽ യേശുവിനോടൊപ്പം നിൽക്കുന്നു; അലൗകികമായ പ്രകാശത്തിൽ തിളങ്ങിനിന്ന യേശുവിന്റെ മഹത്വം

ദർശിക്കാനുള്ള കൃപാവരം ആ മൂന്ന് ശിഷ്യന്മാർക്ക് ലഭിക്കുകയുണ്ടായി. ആ പ്രകാശം പുറത്തുനിന്ന് വന്നതായിരുന്നില്ല; അത് കർത്താവിൽ നിന്നുതന്നെ പ്രസരിച്ചതാണ്. താബോർ ആരോഹണത്തിനായി ശിഷ്യന്മാർ നടത്തിയ എല്ലാ പ്രയത്നങ്ങൾക്കു മുപരിയായിരുന്നു പ്രസ്തുത ദർശനത്തിന്റെ ദൈവികസൗന്ദര്യം. ശ്രമകരമായ ഏത് പർവതാരോഹണത്തിലും നാം നമ്മുടെ നയനങ്ങൾ പാതയിൽ ഉറപ്പിച്ചു നിറുത്തേണ്ടതാണ്; എന്നിരുന്നാലും അതിന്റെ അവസാനം ഉരുത്തിരിയുന്ന വിശാലദൃശ്യം നമ്മെ ആശ്ചര്യപ്പെടുത്തുകയും അതിന്റെ മനോഹാരിതയാൽ നമുക്ക് പ്രതിഫലം ലഭിക്കുകയും ചെയ്യും. അതുപോലെതന്നെ സിനഡാത്മക പ്രക്രിയ പലപ്പോഴും ദുഷ്കര മാണെന്ന് നമുക്ക് തോന്നും; അങ്ങനെ നാം ചിലപ്പോൾ നിരുത്സാഹ പ്പെട്ടവരാകും. എന്നാൽ, അവസാനം നമ്മെ കാത്തിരിക്കുന്നത് നിശ്ചയമായും അത്ഭുതാവഹവും ആശ്ചര്യജനകവുമായ ഒന്നായിരിക്കും; അത് നമ്മെ ദൈവഹിതവും അവിടത്തെ രാജ്യത്തിന്റെ ശുശ്രൂഷയ്ക്കാ യുള്ള നമ്മുടെ ദൗത്യവും കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ സഹായിക്കുന്നതായിരിക്കും.

നിയമത്തെയും പ്രവാചകരെയും യഥാക്രമം പ്രതിനിധീകരിക്കുന്ന മോശയും ഏലിയായും യേശുവിന്റെ രൂപാന്തരണവേളയിൽ പ്രത്യക്ഷപ്പെട്ടത് (മത്താ 17:3 കാണുക) മലയിലെ ശിഷ്യന്മാരുടെ അനുഭവത്തെ കൂടുതൽ സമ്പന്നമാക്കി മാറ്റി. ക്രിസ്തുവിന്റെ നവീനത എന്നു പറയുന്നത് പഴയ ഉടമ്പടിയുടെയും വാഗ്ദാനങ്ങളുടെയും പൂർത്തീകരണം എന്നതാണ്; ദൈവം തന്റെ ജനവുമായി ഇടപഴകി യതിന്റെ ചരിത്രത്തിൽനിന്ന് അതിനെ വേർപെടുത്താനാകില്ല; ആ ചരിത്രത്തിന്റെ ആഴമാർന്ന അർഥം അത് വെളി പ്പെടുത്തുന്നു. അതു പോലെതന്നെ, സിഡാത്മക സഞ്ചാരം ഒരേസമയം സഭയുടെ പാരമ്പര്യത്തിൽ ഊന്നി നിൽക്കുന്നതും എന്നാൽ നവീനതയിലേക്ക് തുറന്നിരിക്കുന്നതുമാണ്. പുതിയ വഴികൾ അന്വേഷിക്കുന്നതിന് പ്രചോദനം നൽകുന്ന സ്രോതസ്സാണ് പാരമ്പര്യം; അതിന് എതിർ നിൽക്കുന്ന സ്തംഭനതയുടെ പ്രലോഭന ത്തെയും തൽക്ഷണം സൃഷ്ടി നടത്തുന്ന പരീക്ഷണശൈലിയെയും ഒഴിവാക്കാനും പാരമ്പര്യം നമ്മെ സഹായിക്കുന്നു.

തപസ്സുകാല അനുതാപ സഞ്ചാരത്തിന്റെയും സിനിഡാത്മക സഞ്ചാര ത്തിന്റെയും ഏകലക്ഷ്യം വ്യക്തിപരവും സഭാപരവുമായ രൂപാന്തര ണമാണ്. ഇവരണ്ടിലും ഉൾച്ചേർന്നിരിക്കുന്ന പരിവർത്തന ത്തിന്റെ മാതൃക യേശുവിന്റെ രൂപാന്തരണം തന്നെയാണ്; അത് സമ്പാദിക്കപ്പെടുന്നത് അവിടത്തെ പെസഹാരഹസ്യത്തിന്റെ കൃപ മൂലമാണ്. യേശുവി നോടൊപ്പം മലകയറാനും അവിടത്തോടൊപ്പം ആയിരിക്കാനും, അങ്ങനെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാനും ഞാൻ രണ്ട് പാതകൾ നിർദേശിക്കാൻ ആഗ്രഹിക്കുന്നു.

താബോർമലയിൽവച്ച് രൂപാന്തരപ്പെട്ട യേശുവിനെ ധ്യാനിച്ചുകൊണ്ടിരുന്ന ശിഷ്യന്മാർക്ക് പിതാവായ ദൈവം നൽകിയ നിർദേശത്തോട് ചേർന്നുള്ളതാണ് ആദ്യത്തെ പാത. മേഘത്തിൽ നിന്നുള്ള സ്വരം ഇപ്രകാരം പറഞ്ഞു: 'ഇവനെ ശ്രവിക്കുവിൻ' (മത്താ 17:5). ആകയാൽ, ആദ്യനിർദേശം വളരെ വ്യക്തമാണ്. നാം യേശുവിനെ ശ്രവിക്കണം. അവിടന്ന് നമ്മോട് സംസാരിക്കുമ്പോൾ നാം അവിടത്തെ ശ്രവിക്കുന്ന കൃപയുടെ കാലമാണ് തപസ്സുകാലം. എങ്ങനെയാണ് അവിടന്ന് നമ്മോട് സംസാരിക്കുന്നത്? ഒന്നാമത്, ആരാധന ക്രമത്തിൽ സഭ നമുക്ക് നൽകുന്ന ദൈവവചനംവഴിയായി. ആ വചനം നമ്മുടെ ബധിരകാതുകളിൽ പതിക്കാതിരിക്കട്ടെ! നമുക്ക് ദിവ്യപൂജയിൽ സംബന്ധിക്കാൻ സാധിക്കുന്നില്ലെങ്കിൽ ദൈനംദിനമുള്ള ബൈബിൾ വായനവഴിയായി ദൈവവചനം പഠനവിഷയമാക്കാം; ഇൻറർനെറ്റിന്റെ സഹായത്തോടെയും ആകാം അത്. വിശുദ്ധലിഖിതങ്ങൾക്ക് പുറമേ, നമ്മുടെ സഹോദരീ സഹോദരന്മാരിലൂടെയും കർത്താവ് നമ്മോട് സംസാരിക്കുന്നു—ഏറെ പ്രത്യേകിച്ച് ആവശ്യങ്ങളിൽ ഇരിക്കുന്നവരുടെ വദനങ്ങളിലൂടെയും അവരുടെ കഥകളിലൂടെയും. സിനിഡാത്മക പ്രക്രിയയിൽ വളരെ പ്രധാനപ്പെട്ടതായ മറ്റൊരു കാര്യംകൂടെ ഞാൻ പറയട്ടെ: പലപ്പോഴും ക്രിസ്തുവിനെ ശ്രവിക്കുന്നത് സംഭവിക്കുന്നത് സഭയിലെ സഹോദരീ സഹോദരന്മാരെ ശ്രവിക്കുന്നതിലൂടെയാണ്. അപ്രകാരമുള്ള പരസ്പരശ്രവണം ചില ഘട്ടങ്ങളിലെ ആദ്യ ലക്ഷ്യമാണ്; എന്നാൽ അത് സിനഡാത്മക സഭയുടെ രീതിശാസ്ത്രത്തിന്റെയും ശൈലിയുടെയും അനിവാര്യ ഭാവമായി എപ്പോഴും നിലനില്ക്കുന്നു.

പിതാവിന്റെ സ്വരംകേട്ട "ശിഷ്യന്മാർ കമിഴ്ന്നുവീണു. അവർ അത്യധികം ഭയപ്പെട്ടിരുന്നു. യേശു അവരെ സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ട് പറഞ്ഞു, 'എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ട.' അവർ കണ്ണുകൾ ഉയർത്തി നോക്കിയപ്പോൾ യേശുവിനെ അല്ലാതെ മറ്റാരെയും കണ്ടില്ല" (മത്താ 17: 6–8). തപസ്സുകാലത്തെ സംബന്ധിച്ച രണ്ടാമത്തെ നിർദേശം ഇവിടെയാണ് ഞാൻ കാണുന്നത്: അതായത്, യാഥാർഥ്യത്തെയും അതുമായുള്ള ദൈനംദിന പോരാട്ടങ്ങളെയും ക്ലേശങ്ങളെയും വൈരുദ്ധ്യങ്ങളെയും അഭിമുഖീകരിക്കുന്നതിന്റെ ഭയത്തെ മറികടക്കുന്നതിന്റെ ഭാഗമായി അസാധാരണമായ സംഭവങ്ങളിലും നാടകീയമായ അനുഭവങ്ങളിലും ഊന്നിനിൽക്കുന്ന മതാത്മകതയിൽ അഭയം പ്രാപിക്കുന്നത്. യേശു ശിഷ്യന്മാരെ കാണിച്ചുകൊടുത്ത പ്രകാശം ഉയിർപ്പിന്റെ മഹിമയുടെ ഒരുമുന്നാസ്വാദനം ആയിരുന്നു. 'അവിടത്തെ മാത്രം' അനുഗമിക്കുന്ന നമുക്ക് അതായിരിക്കണം നമ്മുടെ പ്രയാണത്തിന്റെ ലക്ഷ്യം. തപസ്സുകാലം ഉയിർപ്പുതിരുനാളിലേക്ക് നീങ്ങുന്നതാണ്. 'പിൻവാങ്ങൽ' (retreat) അതിൽത്തന്നെ ഒരുലക്ഷ്യമല്ല; അത്

വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലും കർത്താവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും അനുഭവത്തിലേക്കും അങ്ങനെ ഉയിർപ്പിലേക്കും എത്തിച്ചേരാനുമായി നമ്മെ ഒരുക്കുന്ന ഒരു മാർഗമാണ്. സിനഡാത്മക സഞ്ചാരവും അപ്രകാരമുള്ളതാണ്. പ്രസ്തുത പാതയിൽ ദൈവം നമുക്ക് കൂട്ടായ്മയുടേതായ ശക്തമായ അനുഭവങ്ങൾ പ്രധാനംചെയ്യുന്ന കൃപാവരങ്ങൾ നല്കിയാൽത്തന്നെയും നാം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു എന്ന് കരുതാൻ പാടില്ല; അവിടെയും കർത്താവ് നമ്മോട് ആവർത്തിക്കുന്നു, 'എഴുന്നേല്ക്കുവിൻ, ഭയപ്പെടേണ്ട.' ആകയാൽ, നമുക്ക് താഴേക്ക്, സമതലത്തിലേക്ക്, ഇറങ്ങാം; നമുക്ക് അനുഭവവേദ്യമായ കൃപാവരം നമ്മുടെ സമൂഹങ്ങളിൽ സാധാരണജീവിതത്തിലെ 'സിനഡാത്മകതയുടെ ശില്പികളാകാൻ' നമ്മെ ശക്തിപ്പെടുത്തട്ടെ.

പ്രിയ സഹോദരീസഹോദരന്മാരേ, ഈ തപസ്സുകാലത്ത് യേശുവിനോടൊത്തു ദൈവാനുഭവത്തിന്റേ മലകയറുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യട്ടെ. അതുവഴി നാം അവിടത്തെ ദൈവികശോഭ അനുഭവിച്ചറിയുകയും അങ്ങനെ വിശ്വാസത്തിൽ ഉറപ്പിക്കപ്പെട്ട് തന്റെ ജനത്തിന്റെ മഹത്വവും ജനതകളുടെ പ്രകാശവുമായ അവിടത്തോടൊപ്പമുള്ള നമ്മുടെ സഞ്ചാരത്തിൽ നാം നിലനില്ക്കുകയും ചെയ്യുമാറാകട്ടെ.

വിശുദ്ധ പൗലോസിന്റെ മാനസാന്തരത്തിന്റെ തിരുനാളായ ജനുവരി 25-ാം തീയതി റോമായിലെ വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്കയിൽവച്ച് നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**
പി.ഒ.സി. കൊച്ചി – 682025



## അനുമോദനങ്ങൾ

എം.ബി.ബി.എസ്. പാസായ,
ആവ്രവിള ജോസഫിന്റെയും
ജാൻസിയുടെയും മകൾ
**റിൻസി ജോസഫ്**
എല്ലപ്പെട്ടി ഇടവകാംഗമാണ്.

# കമ്മ്യൂണിയോ ഇന്ത്യ ഞായർ

**2023 ഫെബ്രുവരി 26-ാം തീയതി**

യേശുക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

1. വിശ്വാസത്തിൽ നമ്മെ പുനരുദ്ധരിക്കുകയും പ്രത്യാശയിൽ നവീകരിക്കുകയും സ്നേഹത്തിൽ ആഴപ്പെടുത്തുകയും ചെയ്യുന്ന തപസ്സുകാലത്തിന്റെ പടിവാതില്ക്കൽ നാം എത്തി നില്ക്കുകയാണല്ലോ. മനുഷ്യവംശത്തോടുള്ള ദൈവസ്നേഹത്തിന്റെ പങ്കുവയ്പിനെ വെളിപ്പെടുത്തിത്തരുന്ന രക്ഷാകര രഹസ്യങ്ങൾ ഈ കാലഘട്ടത്തിൽ നാം ധ്യാനിക്കുന്നു. തന്റെ ഏകജാതനെ നമുക്ക് നല്കുന്നതിലൂടെ ദൈവത്തിന്റെ സ്നേഹം നമുക്ക് വെളിപ്പെടുത്തപ്പെടുന്നു. തപസ്സുകാലത്തിലെ ആദ്യഞായറാഴ്ചയായ ഇന്ന് പതിവുപോലെ കമ്മ്യൂണിയോ ഞായർ ആയി കേരള ലത്തീൻസഭ ആഘോഷിക്കുന്നു.
2. ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാരുടെ സമിതി (സിസിബിഐ) 2008 ൽ സമാരംഭിച്ച ഒരു സംരംഭമാണ് കമ്മ്യൂണിയോ. എല്ലാ രൂപതകളെയും സന്യാസസമൂഹങ്ങളെയും ഗ്രാമങ്ങളിലും മിഷൻ പ്രദേശങ്ങളിലും തങ്ങളുടെ ദൗത്യം നിർവഹിക്കുവാൻ സഹായിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഹൃദയങ്ങളിൽ പ്രാർത്ഥനയും മനസ്സുകളിൽ പ്രേഷിതത്വവും കരങ്ങളിൽ ഐക്യദാർഢ്യവും എന്നതാണ് കമ്മ്യൂണിയോയുടെ ദർശനം. വിശ്വാസ പരിശീലനത്തിനും സുവിശേഷപ്രഘോഷണത്തിനുമുള്ള തീക്ഷ്ണതയാൽ ഭാരതത്തിലെ സഭയെ ഉജ്ജ്വലിപ്പിക്കുകവഴി സ്വയംപര്യാപ്തതയിലും സ്വാശ്രയത്വത്തിലും ശക്തിപ്പെട്ട് പ്രേഷിതശുശ്രൂഷാരംഗത്ത് നമ്മുടേതായ സംഭാവന നല്കുവാൻ കമ്മ്യൂണിയോ ലക്ഷ്യം വയ്ക്കുന്നു.
3. സഹായം അർഹിക്കുന്ന സഹോദരീ സഹോദരന്മാരുടെ ആവശ്യങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന ഒരു സംസ്കാരം കത്തോലിക്കാവിശ്വാസികളിൽ വളർത്തുക, മിഷനുവേണ്ടിയും മിഷണറിമാർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും അവരെ പിന്തുണയ്ക്കുകയും ചെയ്യാനും സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളി പരിപോഷിപ്പിക്കാനും വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക, മിഷൻ പ്രദേശങ്ങളിൽ സന്നദ്ധ ശുശ്രൂഷ ചെയ്യാൻ അല്മായ വിശ്വാസികളെ പ്രചോദിപ്പിക്കുക, നമ്മുടെ സഭാംഗങ്ങളെ പ്രേഷിത ശിഷ്യരായി രൂപീകരിക്കുക എന്നിവയാണ് കമ്മ്യൂണിയോയുടെ ലക്ഷ്യങ്ങൾ. നമ്മിൽനിന്ന് നമുക്കുവേണ്ടി നമ്മളാൽത്തന്നെയുള്ള സംവിധാനമാണ് കമ്മ്യൂണിയോ.
4. ഇന്ന് ഈ കമ്മ്യൂണിയോ ഞായറിൽ പരസ്പരം പ്രാർത്ഥിക്കാനായി നാം കരങ്ങൾ കൂപ്പുകയും മിഷൻ പ്രദേശങ്ങളെയും മിഷണറിമാരെയും സഹായിക്കുന്നതിനായി കരങ്ങൾ നീട്ടുകയും ചെയ്യുന്നു. ദൈവവചനം ഇപ്രകാരം പറയുന്നു - സ്വന്തം രക്തത്തിലൂടെ ജനത്തെ

വിശുദ്ധീകരിക്കാൻ ക്രിസ്തുവും കവാടത്തിനു പുറത്തുവച്ചു പീഡനമേറ്റു (ഹെബ്രാ. 13:12). സുവിശേഷവത്ക്കരണപ്രവർത്തനങ്ങൾ, മതബോധനം, അല്മായ വിശ്വാസികളുടെ രൂപീകരണം, വൈദികാർത്ഥികളുടെ പരിശീലനം, ശില്പശാലകൾ, കപ്പേളകളുടെയും പള്ളിമേടകളുടെയും നിർമാണം, സഭൈക്യ-മതാന്തര സംവാദങ്ങൾ തുടങ്ങിയ സംരം ങ്ങൾക്ക് കമ്മ്യൂണിയോയിലൂടെ നമ്മുടെ വിഭവങ്ങൾ പങ്കുവച്ചുതുടങ്ങിയിട്ടുണ്ട്.

5. ഇന്ന് ഈ ഞായറാഴ്ച മാത്രമല്ല, എന്നും കമ്മ്യൂണിയോ ആഘോഷിക്കാൻ നിങ്ങളെ ക്ഷണിക്കുകയാണ്. കമ്മ്യൂണിയോയുമായി സഹകരിക്കാൻ 5 മാർഗങ്ങളുണ്ട്: 1) ഒരു പ്രത്യേക ആവശ്യത്തിനായി സംഭാവന ചെയ്യുക, 2) നിങ്ങളുടെ വില്പത്രത്തിൽ പിന്തുടർച്ചാവകാശത്തിൽ ഒരു പങ്ക് മാറ്റിവയ്ക്കുക. 3) ഒരു സെമിനാരി വിദ്യാർത്ഥിയുടെയോ സന്യാസാർത്ഥിയുടെയോ പരിശീലന ചെലവ് വഹിക്കുക. 4) ഒരു മിഷനെ സഹായിക്കുക. 5) നിങ്ങളുടെ സമയവും കഴിവുകളും സന്നദ്ധസേവനത്തിനായി മാറ്റിവയ്ക്കുക. വിശുദ്ധരുടെ ജീവിതം, തിരുനാൾ സന്ദേശങ്ങൾ, പാപ്പയുടെ പ്രാർത്ഥനാനിയോഗങ്ങൾ എന്നിവയുടെ വീഡിയോകളിലൂടെ കമ്മ്യൂണിയോ നിരന്തരം നിങ്ങളുടെ കരങ്ങളിലും ഹൃദയങ്ങളിലും എത്തിച്ചേരുന്നു. നമ്മുടെ വെബ്സൈറ്റിലൂടെയും (www.communio.in) രൂപതാ കോർഡിനേറ്റർമാരിലൂടെയും രൂപതാദ്ധ്യക്ഷൻമാരിലൂടെയും നിങ്ങൾക്ക് കമ്മ്യൂണിയോയുമായി ബന്ധപ്പെടാവുന്നതാണ്.

6. തപസ്സുകാലത്തെ ഒന്നാം ഞായറാഴ്ചയായ ഇന്നത്തെ വേദപാഠകങ്ങൾ നമ്മുടെ അനുദിനജീവിതത്തിൽ ജാഗ്രതയും ഒരുക്കവുമുള്ളവരായിരിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു. തന്റെ ഏകജാതനെത്തന്നെ ദൈവം മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി സമ്മാനമായി തരുന്നത്, നമ്മെയും നമുക്കുള്ളവയും മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള ഒരു ക്ഷണമാണ്. മാത്രമല്ല, സിനഡാത്മക സഭയ്ക്കായുള്ള സിനഡിന്റെ ഒരുക്ക വഴിയിലാണല്ലോ നാം. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നിവയിലൂടെയാണ് സിനഡാത്മകതയിൽ നാം ജീവിക്കുന്നത്. കൂട്ടായ്മയിൽ നാം തമ്മിലുള്ള പരസ്പരബന്ധം അനുഭവിക്കുന്നു; പങ്കാളിത്തത്തിലൂടെ നാം ഓരോരുത്തരുടെയും ദാനങ്ങൾ ആഘോഷിക്കുന്നു, പ്രേഷിതത്വത്തിൽ നാം മറ്റുള്ളവരിലേക്ക്, പ്രത്യേകിച്ച്, അതിരുകളിലുള്ളവരിലേക്ക്, എത്തിച്ചേരുന്നു. പരി. ഫ്രാൻസിസ് പാപ്പ അടിവരയിട്ടുപറയുന്നതുപോലെ നാമെല്ലാവരും സഹയാത്രികരാണ് എന്ന കാര്യം ഈ കമ്മ്യൂണിയോ ഞായർ നമ്മെ ഓർമ്മപ്പെടുത്തുന്നു.

7. നിങ്ങളുടെ മഹാമനസ്കതയ്ക്കും ഔദാര്യത്തിനും സിസിബിഐ നിങ്ങൾക്ക് നന്ദി പറയുന്നതോടൊപ്പം താഴെ പറയുന്ന വിധത്തിൽ നിങ്ങളുടെ ഇടവകയിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും കുടുംബങ്ങളിലും കമ്മ്യൂണിയോ ഞായർ ആഘോഷിക്കാൻ ക്ഷണിക്കുകയും ചെയ്യുന്നു. കമ്മ്യൂണിയോ ഞായറിന്റെ ലോഗോ ഇട

വകയുടെ നോട്ടീസ് ബോർഡിലും ബുള്ളറ്റിനുകളിലും പ്രദർശിപ്പിക്കുക. കമ്മ്യൂണിയോ എന്ന വാക്ക് എല്ലാവരും കാണുകയും കേൾക്കുകയും ചെയ്യാനായി സോഷ്യൽ മീഡിയയിലെ നിങ്ങളുടെ പ്രൊഫൈലിൽ ഉപയോഗിക്കുക. മിഷനുവേണ്ടിയും മിഷണറിമാർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നതിന് അർത്ഥവത്തായ ആരാധനക്രമം തയ്യാറാക്കുക. നിങ്ങളുടെ സമ്പത്തും സമയവും കഴിവുകളുമുപയോഗിച്ച് കമ്മ്യൂണിയോയുടെ വളർച്ചയ്ക്കുവേണ്ടി സംഭാവന ചെയ്യാൻ പ്രതിജ്ഞയെടുക്കുക. ഇന്ന് ഇവിടെ ഇപ്പോൾത്തന്നെ നമുക്ക് തുടങ്ങാം.

മിഷന്റെ രാജ്ഞിയായ പരി. കന്യകാമറിയവും സാർവത്രികസഭയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവും നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കട്ടെ.

**†ഫിലിപ്പ് നേരി കാർഡിനൽ ഫെറാവോ**
പ്രസിഡന്റ്, കോൺഫറൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യ
ഗോവ & ദമാൻ ആർച്ച്ബിഷപ്

15/02/2023

*ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് നല്കണം. കമ്മ്യൂണിയോ ഇന്ത്യയുടെ വിജയത്തിനായി കഴിയുന്നത്ര തുക സംഭാവന ചെയ്യാൻ നമ്മുടെ ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ശേഖരിക്കുന്ന തുക രൂപതാ കച്ചേരിയിൽ ഏൽപ്പിക്കുകയും വേണം.*

---

**അമയന്നൂർ തിരുഹൃദയ ദൈവാലയത്തിന് അനുമോദനങ്ങൾ**

പുതിയതായി 12 AB Registration ലഭിച്ച അമയന്നൂർ തിരുഹൃദയ ദൈവാലത്തിന്റെ വികരിക്കും കമ്മറ്റി അംഗങ്ങക്കും അനുമോദനങ്ങൾ



*സി.സി.ബി.ഐ. സംഘടിപ്പിച്ച ആരാധക്രമ ട്രെയിനിംങ്ങിൽ പങ്കെടുക്കുന്ന ഫാ. ജോൺ ജിൻസൺ*

കെഎൽസിഎ സുവർണ്ണജൂബിലി സമാപനം

# ലത്തീൻ കത്തോലിക്കാ റാലിയും സംഗമവും

2023 മാർച്ച് 26 ന് കൊച്ചിയിൽ

വന്ദ്യ വൈദികരേ, പ്രിയ സന്യസ്തരേ, സ്നേഹമുള്ള സഹോദരീ സഹോദര ന്മാരേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

നിങ്ങൾക്കേവർക്കും ക്രിസ്തുവിൽ സമാധാനവും സന്തോഷവും ആശംസി ക്കുന്നു. കേരള ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ (കെഎൽസിഎ)സുവർണ ജൂബിലി സമാപനാഘോഷങ്ങളോട് അനുബന്ധിച്ച് ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

**കെഎൽസിഎ - സമുദായത്തിന്റെ സംഘാത മുന്നേറ്റം**

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ് ലത്തീൻ സഭയിൽ സംഘാത ജനകീയ മുന്നേറ്റങ്ങൾ ഉണ്ടായത്. 1891 ൽ പള്ളിത്തോട് നസ്രാണി സമാജം, 1903 ൽ അർത്തുങ്കൽ നസ്രാണി ഭൂഷണ സമാജം, 1904 ൽ കൊല്ലം ലത്തീൻ കത്തോലിക്ക മഹാജന സഭ, 1914 ൽ വരാപ്പുഴ കാത്തലിക്ക് അസോസിയേഷൻ എന്നിങ്ങനെ വിവിധ സംഘടനകൾ സമുദായത്തിന്റെ മുന്നേറ്റത്തെ ഏറെ സഹായിച്ചിട്ടിട്ടുണ്ട്. 1930 ൽ ലത്തീൻ കത്തോലിക്കരുടെ അവകാശ സംരക്ഷണത്തിനായി ഒരു മഹാസമ്മേളനം കൊല്ലത്ത് നടന്നു. അതേ തുടർന്ന് തിരുവിതാംകൂർ ലാറ്റിൻ ക്രിസ്ത്യൻ കോൺഫറൻസ് എന്ന പേരിൽ ഒരു സംഘടന രൂപം കൊണ്ടു. 1931 ൽ ലത്തീൻ കത്തോലിക്കർ കൊച്ചിയിലും സംഘടിച്ചു. 1935 ൽ തിരുവിതാംകൂർ ലാറ്റിൻ ക്രിസ്ത്യൻ കോൺഫറൻസ് നിവർത്തന പ്രക്ഷോഭത്തിൽ പങ്കെടുത്തു. അതിന്റെ ഫലമായി ജനസംഖ്യാനുപാതികമായ സംവരണം സർക്കാർ സർവ്വീസിൽ ലഭ്യമാകാനുള്ള സാധ്യതയൊരുങ്ങി. അന്ന് തിരുവിതാംകൂറിൽ 8 ലക്ഷം കണക്കിൽ ഉണ്ടായിരുന്ന ലത്തീൻ കത്തോലിക്കർക്ക് 8 നിയമസഭാ സാമാജികരെ ലഭിക്കാൻ ഇതുവഴി സാധിച്ചുവെന്നുവേണം പറയാൻ.

ലത്തീൻ കത്തോലിക്കരുടെ വിശാല മനോഭാവവും, ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തോടെ അവർ അതിലർപ്പിച്ച വിശ്വാസവും, ഭരണഘടനയിലെ വാഗ്ദാനങ്ങൾ നിറവേറ്റാമെന്ന പ്രതീക്ഷയും കാരണം മറ്റു സമുദായങ്ങളെപ്പോലെ സമുദായമുന്നേറ്റവുമായി മുന്നോട്ടു പോകാതെ നിലവിലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭാഗമായി പ്രവർത്തിക്കാനാണ് ഈ സമുദായം നിലകൊണ്ടത്. അത്തര മൊരു മനോഭാവത്തിന്റെ അടിസ്ഥാനത്തിൽ ബൃഹത്തായ സമുദായ സംഘടനാ പ്രവർത്തനങ്ങൾക്ക് താൽക്കാലിക വിരാമമായി. അതേസമയം മറ്റുള്ളവർ രാഷ്ട്രീയ വിലപേശലുകൾ നടത്തി നേട്ടങ്ങൾ കൊയ്തു. 1903 ൽ രൂപം കൊണ്ട എസ്എൻഡിപിയും 1909 ൽ രൂപീകൃതമായ കെപിഎംഎസും 1914 ൽ രൂപം കൊണ്ട എൻ എസ് എസും അവരവരുടെ മേഖലയിൽ സമുദായപ്രവർ ത്തനങ്ങൾ തുടർന്നും നടത്തിപ്പോന്നപ്പോൾ ലത്തീൻ കത്തോലിക്കർ സഭാ സംവിധാനങ്ങളിൽ മാത്രമൊതുങ്ങുകയും സമുദായ പ്രവർത്തനങ്ങൾക്ക് വലിയ പ്രാമുഖ്യം നൽകാതാവുകയും ചെയ്തു.

**കെഎൽസിഎ രൂപം കൊള്ളുന്നു.**

ലഭിച്ചുകൊണ്ടിരിക്കുന്ന 4 ശതമാനം സംവരണത്തിനും അവസരങ്ങൾക്കും കുറവുണ്ടാകുമെന്ന് മനസ്സിലായപ്പോൾ ഉറങ്ങിക്കിടന്ന സമുദായ വികാരം വീണ്ടും ഉയർത്തെഴുന്നേറ്റു. 1972 മാർച്ച് 26ന് കേരളത്തിലെ എല്ലാ രൂപതകളിലെയും സമുദായ സംഘടനകളെ ഒന്നിപ്പിച്ച് കേരള ലാറ്റിൻ കാത്തലിക്ക് അസോസിയേഷൻ എന്ന സമുദായ സംഘടന ജന്മമെടുത്തു. അതിനു നിമിത്തമായതും സംവരണവിഷയം തന്നെയായിരുന്നു. 30-11-1970 ൽ പിന്നാക്ക വിഭാഗങ്ങളുടെ സാമുദായിക സംവരണ വിഷയത്തിൽ നെട്ടൂർ പി. ദാമോദരൻ കമ്മീഷൻ പുറത്തുവിട്ട ശുപാർശകളാണ് യഥാർത്ഥത്തിൽ ലത്തീൻ സമുദായ വികാരം വീണ്ടും ആളിക്കത്തിച്ചത്. ലത്തീൻ കത്തോലിക്കർക്ക് കുറഞ്ഞ സംവരണം മതിയെന്നുള്ള നെട്ടൂർ പി ദാമോദരൻ കമ്മീഷൻ കണ്ടെത്തൽ വിവാദമായി. ഈ പശ്ചാത്തലത്തിൽ സമുദായ സംഘടന കെഎൽസിഎ എന്ന പേരിൽ കേരളത്തിൽ പ്രവർത്തിച്ചു തുടങ്ങി. ലത്തീൻ കത്തോലിക്കരുടെ സമുദായ സംഘടനയായി പ്രവർത്തിക്കുന്ന കെഎൽസിഎ സ്ഥാപിതമായതിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനം 2023 മാർച്ച് 26ന് റാലി, മഹാസമ്മേളനം എന്നിവയോടു കൂടി സംഘടിപ്പിക്കുകയാണ്.

**ജൂബിലി പരിപാടികൾ വിജയിപ്പിക്കണം**

കെഎൽസിഎ ജൂബിലി സമാപന സമ്മേളന വിജയത്തിനായി മാർച്ച് 5 ന് ഇടവകകളിൽ പതാകദിനം, അവകാശപത്രിക പ്രകാശന യോഗങ്ങൾ, മാർച്ച് 12 ന് ഇടവകകളിൽ പദയാത്രകൾ, വാഹനറാലികൾ, മാർച്ച് 24 ന് ആലപ്പുഴയിൽ നിന്ന് കൊച്ചിയിലേക്ക് ദീപശിഖപ്രയാണം, മാർച്ച് 25 ന് പ്രതിനിധി സമ്മേളനം, മാർച്ച് 26 ന് എറണാകുളത്തുനിന്ന് കൊച്ചിയിലേക്ക് പതാകപ്രയാണം എന്നിങ്ങനെ വിവിധ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. കെഎൽസിഎ പ്രവർത്തകർ മാത്രമല്ല, എല്ലാ ലത്തീൻ കത്തോലിക്കരും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് അഭ്യർത്ഥിക്കുന്നു. മാർച്ച് 26 ന് 3 മണിക്ക് വിവിധ കേന്ദ്രങ്ങളിൽ നിന്ന് സമ്മേളനനഗരിയിലേക്ക് നടത്തുന്ന റാലിയിലും തുടർന്നുള്ള സമ്മേളനത്തിലും ആദ്യവസാനം പങ്കെടുത്ത് സമുദായ ശാക്തീകരണത്തിൽ നമുക്കേവർക്കും പങ്കാളി കളാകാം.

1972 മാർച്ച് 26ന് കൊച്ചിയിൽ രൂപമെടുത്ത കെഎൽസിഎ സഭയോട് ചേർന്നു നിന്ന് ലത്തീൻ സമൂഹത്തിന്റെ അവകാശ സംരക്ഷണത്തിനുവേണ്ടി പോരാടുകയും സമുദായ ഐക്യത്തിനുവേണ്ടി നിലകൊള്ളുകയും ചെയ്തു വരുന്നു. ലത്തീൻ സമുദായമെന്ന നിലയിൽ അഭിമാനിക്കുവാനും നമ്മളിൽ സമുദായബോധം വളർത്തുവാനും ഈ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾ ഉപകരിക്കണം.

സമകാലിക കേരളത്തിൽ ലത്തീൻ കത്തോലിക്കർ ഒരു രാഷ്ട്രീയ സ്വാധീനശക്തിയായി വളർന്നുവരേണ്ടതും അത്തരം നിലപാടുകൾ എടുക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. വിഴിഞ്ഞം വിഷയവും, തീരമേഖലയിലെ പുതിയ തീരദേശഹൈവേ സംബന്ധിച്ച ആശങ്കകളും, സമുദായം നേരിട്ടുകൊണ്ടിരിക്കുന്ന പ്രാതിനിധ്യമില്ലായ്മയും, സംവരണനിഷേധവും, ജാതി സർട്ടിഫിക്കറ്റ് വിഷയങ്ങളും, ബഫർസോണും, മറ്റു കാർഷികവിഷയങ്ങളും, വിവിധ തൊഴിലാളി പ്രശ്നങ്ങളും നമ്മുടെ മുന്നിലുണ്ട്. 50 വർഷം മുമ്പ് നമ്മുടെ മുൻതലമുറ സമാനമായ ചില വിഷയങ്ങളിൽ ശക്തി തെളിയിച്ച് കൊച്ചിയിൽ സംഘടിച്ചതിന്റെ ഗുണഫലങ്ങളാണ്

നാം ഇന്ന് അനുഭവിക്കുന്നത്. വരുന്ന തലമുറയ്ക്കുവേണ്ടിയും സംഘടിത ശക്തിയായി നിലകൊള്ളാൻ നമുക്ക് ബാധ്യതയുണ്ട്.

**ജൂബിലി സംഗമം വിജയിപ്പിക്കണം**

കെഎൽസിഎ സംഘടനയുടെ സുവർണ്ണ ജൂബിലി എന്നതിനപ്പുറത്ത് സമുദായത്തിലെ എല്ലാ സംഘടനകളുടെയും കുടുംബയൂണിറ്റ് (ബിസിസി) തലം മുതലുമുള്ള പങ്കാളിത്തം ഉറപ്പാക്കാൻ ശ്രമിക്കേണ്ടതുണ്ട്. സമാപന സമ്മേളനത്തിൽ ആധ്യാത്മിക, രാഷ്ട്രീയ, സാമുദായിക നേതാക്കൾ പങ്കെടുക്കും. കഴിഞ്ഞ ഒരു വർഷക്കാലമായി വിവിധ രൂപതകളിൽ ചെറുതും വലുതുമായ പരിപാടികളോടുകൂടി നടത്തി വരുന്ന ജൂബിലി ആഘോഷങ്ങളുടെ സമാപനം 2023 മാർച്ച് 26ന് ഞായറാഴ്ച പള്ളുരുത്തി ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ (ഷെവ.കെ.ജെ. ബർലി നഗർ) നടക്കുമ്പോൾ ബഹുജനറാലിയും സമ്മേളനവും ലത്തീൻ കത്തോലിക്കരുടെ ശക്തിയും ഐക്യവും തെളിയിക്കുന്നതാവണം. യൂണിറ്റ്തലം മുതൽ അവബോധം സൃഷ്ടിക്കേണ്ടതും ഓരോ കുടുംബങ്ങളിലും ജൂബിലി ആലോഷങ്ങളുടെ സന്ദേശം എത്തേണ്ടതുമാണ്. എല്ലാ അൽമായ സംഘടനകളുടെയും, സമുദായ-സഭാ സംവിധാനങ്ങളുടെയും സഹകരണം അവർ അഭ്യർത്ഥിക്കുന്നുണ്ട്, അത് ഉണ്ടാകുകയും വേണം. ഈ ജൂബിലി ആഘോഷം ലത്തീൻ കത്തോലിക്കരുടെ ഉയിർത്തെഴുനേൽപ്പിന്റെയും കൂട്ടായ്മയുടെയും സാക്ഷ്യമാക്കേണ്ടത്, വർത്തമാന രാഷ്ട്രീയ സാമൂഹിക സഹചര്യങ്ങളിൽ അനിവാര്യമാണ്.

കേരള ലത്തീൻ സമൂഹത്തിന്റെ വളർച്ചയ്ക്ക് എല്ലാവരുടെയും ത്യാഗപൂർണ്ണമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് നിങ്ങളെല്ലാവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശിർവദിച്ചുകൊള്ളുന്നു.

സ്നേഹപൂർവം

**✝വർഗീസ് ചക്കാലക്കൽ**
കോഴിക്കോട് മെത്രാൻ
പ്രസിഡന്റ്, കെആർഎൽസിസി

21-02-2023

---

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## കുമളി ഏരിയ കൗൺസിൽ

വിശ്വനാഥപുരം (മുരിക്കടി) സെന്റ് ജോസഫ്സ് ദേവാലയത്തിൽ 29-01-2023 ൽ കൂടിയ യോഗത്തിൽ വെച്ച് St. Joseph's (gents), st.Mary's (Ladies) എന്നീ കോൺഫെറെൻസുകൾ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. കുമളി ഏരിയ കൗൺസിൽ പ്രസിഡണ്ട് Bro. Shibu. M. D, C C Board അംഗങ്ങളായ Bro. Chacko Nellimala , Bro. K. P. Jose എന്നിവർ യോഗത്തിന് നേതൃത്വം നൽകി.

St. Joseph s Conference (Gents) : President Bro. Baby kallarackal, Secretary Bro. Antony Kanappalli, Treasurer Bro. Cherian Parinthirickal

St.Mary s (Ladies) : President Sister. Latha Joseph, Secretary. Sister Tintu Babu, Treasurer Sister. Maria francis




## ജന്മദിനാശംസകൾ

മാർച്ച്

| | |
|---|---|
| 01 | ഫാ. മാത്യു വ്യാക്കഴ |
| 02 | ഫാ. ലീനൂസ് ബിവേര ചുള്ളിക്കപ്പറമ്പിൽ |
| 04 | ഫാ. ജോസഫ് കുറ്റിക്കാട്ടിൽ |
| 05 | ഫാ. യോഹന്നാൻ (ജോസ്) കൈതക്കുഴി |
| 07 | ഫാ. ജോസ്‌ലിൻ പീടിയേക്കൽ ഒ.സി.ഡി. |
| 10 | ഫാ. സേവ്യർ ചെറുനെല്ലാടിയിൽ |
| 10. | ഫാ. ജോസഫ് റെക്സൺ പങ്കേത്ത് ഒ.എസ്.ജെ. |
| 11 | ഫാ. ജോൺ കുന്നത്തുകുഴി |
| 12 | ഫാ. ജോസഫ് ചെറുകാക്രാംചേരിൽ |
| 12 | മോൺ ജോസ് നവസ് പുത്തൻപറമ്പിൽ |
| 22 | ഫാ. ആന്റണി പാട്ടപ്പറമ്പിൽ |
| 25 | ഫാ. അലക്സാണ്ടർ കുമ്പളത്തുപറമ്പിൽ |

## പരേതരെ സ്മരിക്കാം – മാർച്ച്

| | | |
|---|---|---|
| 03 | (2008) | ഫാ. തോമസ് വിരുത്തിയിൽ |
| 05 | (1987) | ഫാ. തോമസ് ചാലുങ്കൽ |
| 10 | (1983) | ഫാ. വില്യം ഒ.സി.ഡി. |
| 12 | (1951) | ഫാ. ഡൊസിതേവൂസ് ഒ.സി.ഡി. |
| 14 | (1995) | ഫാ. സക്കറിയാസ് കാഞ്ഞിക്കൽ |
| 19 | (1991) | ഫാ. ഫ്രാൻസിസ് എക്സ്. ഡി. അരൂജ |
| 22 | (1996) | ഫാ. ജോർജ്ജ് പരിയാരം |
| 25 | (1969) | ഫാ. മാത്യു നാരംവേലി |
| 26 | (1958) | ബിഷപ് ബൊനവന്തൂരാ അരാന ഒ.സി.ഡി. |
| 27 | (2007) | ഫാ. മൈക്കിൾ കളത്തിൽ ഒ.സി.ഡി. |
| 30 | (1986) | ഫാ. ബൊനവെഞ്ചർ ഒ.സി.ഡി. |

# ഇടവക വാർത്തകൾ

## സെന്റ് മേരീസ് തെള്ളകം



2023 ഫെബ്രുവരി 12-ാം തീയതി രാവിലെ 9.30 ന് തിരുബാലസഖ്യദിനമായി ആചരിച്ചു. വികാരി കൊടി ഉയർത്തുകയും തിരുബാലസഖ്യ യൂണിറ്റിലെ കുട്ടികളും ടീച്ചർമാരും ഒരുമിച്ച് ബാഡ്ജ് ധരിച്ച് പ്രാർത്ഥിച്ച് ദിവ്യബലി അർപ്പിക്കുകയും, തുടർന്ന് കുട്ടികളെ അനുമോദിച്ചുകൊണ്ട് സി. സംഗീതയും, വത്സമ്മ ടീച്ചറും സംസാരിക്കുകയും ചെയ്തു. വികാരിയച്ചൻ എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു.

## മറയൂർ മേഖലയിലെ അൾത്താര ബാലസംഘം



മറയൂർ മേഖലയിലെ അൾത്താര ബാലന്മാരുടെ സെമിനാർ മറയൂർ സെന്റ്. മേരീസ് ദേവാലത്തിൽ വച്ച് 11/02/2023 (രണ്ടാം ശനിയാഴ്ച) നട

ത്തപ്പെട്ടു. രാവിലെ പത്ത് മണിക്ക് യോഗംപ്രാർത്ഥന ഗാനത്തോടെ ആരംഭിച്ചു. ഫാ. ഫിലിപ്പ് ജോഷി തേവർകളത്തിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫൊറോനാ വികാരി ബഹു. ജോസ് മാനുവൽ കൈതക്കുഴി അച്ചൻ യോഗം ഉത്ഘാടനം ചെയ്തു. ബഹു. വിക്ടർ മേജർ അച്ചൻ ക്ലാസ്സ് നയിച്ചു. ദൈവവിളി പ്രോത്സാഹനം, അൾത്താര ശുശ്രൂഷയുടെ വിവിധ തലങ്ങൾ, ട്രെയിനിങ്, ആക്ഷൻ സോങ്, എന്നിവ സെമിനാറിനെ മനോഹരമാക്കി. ദിവ്യബലിയോടെ സെമിനാർ സമാപിച്ചു.

## മിഷൻ വോയ്സ് 2023 മറയൂർ

മറയൂർ മേഖലാതല മത്സരങ്ങൾ 2023 ഫെബ്രുവരി 11ാം തിയതി ശനിയാഴ്ച രാവിലെ 11 മണിയ്ക്ക് ആരംഭിച്ചു. മേഖല കോഡിനേറ്റർ ശ്രീമതി റോസമ്മ ജോൺസൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫൊറോന വികാരി റവ.ഫാദർ ജോസ് മാനുവൽ കൈതക്കുഴി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. മേഖലാ ഡയറക്ടർ റവ. ഫാദർ ഫിലിപ്പ് ജോഷി തേവർകളത്തിൽ അദ്ധ്യക്ഷത വഹിച്ചു. 24 കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. റവ.ഫാദർ വിക്ടർ വിജയികളെ അനുമോദിച്ചു. മേഖല ഡയറക്ടർ സമ്മാനാർഹരായ കുട്ടികളെ അനുമോദിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്തു. സമ്മാനാർഹരായ കുട്ടികളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

**പ്രസംഗം (ജൂനിയർ)**

*ഒന്നാം സമ്മാനം* എബിൻ ഫ്രാൻസിസ് (സെന്റ്. മേരീസ്, മറയൂർ)

*രണ്ടാം സമ്മാനം* എലൈൻ വിബിൻ (സെന്റ്. മേരീസ്, മറയൂർ)

**പ്രസംഗം (സീനിയർ)**

*ഒന്നാം സമ്മാനം* എയ്ഞ്ചൽ (സെന്റ്. ജൂഡ്, ദിണ്ഡികൊമ്പ്)

*രണ്ടാം സമ്മാനം* അൽഫോൻസാ (ലിറ്റിൽ ഫ്ലവർ, കാന്തല്ലൂർ)



**പാട്ട് മത്സരം (ജൂനിയർ)**

*ഒന്നാം സമ്മാനം*

ആൻലിയ (സെന്റ്. മേരീസ്, മറയൂർ)

*രണ്ടാം സമ്മാനം*

ലിബിയാ ലെനിൻ (ലിറ്റിൽ ഫ്ലവർ, കാന്തല്ലൂർ)

**പാട്ട് മത്സരം (സീനിയർ)**

*ഒന്നാം സമ്മാനം*

എയ്ഞ്ചൽ (സെന്റ്. ജൂഡ്, ദിണ്ഡികൊമ്പ്)

*രണ്ടാം സമ്മാനം*

സെൽവി ജോർജ് (ലിറ്റിൽ ഫ്ലവർ, കാന്തല്ലൂർ)



*കോട്ടയം ഗുഡ്ഷേപ്പേർഡ് ഇടവകയിൽ തിരുബാലസഖ്യ ദിനാചരണം*

**ആത്മാവിൽ ഉണരുകയും ഉണർത്തുകയും ചെയ്യുന്നവരാകണം സന്യസ്തർ**
ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ



വിജയപുരം രൂപതയിലെ സന്യസ്തരുടെ സംഗമം അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു. മോൺ. ജസ്റ്റിന് മഠത്തിൽപറമ്പിൽ, മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, ഫാ. ജോസഫ് പുത്തൻപുരയിൽ കപ്പൂച്ചിൻ സി. നിഖില സി.എസ്.എസ്.ടി., സി. ജയിൻ സി.റ്റി.സി. എന്നിവർ സമീപം



*സ്ഥൈര്യലേപന കൂദാശയും അഭിവന്ദ്യ പിതാവിന്റെ ഇടയസന്ദർശനവും ചെങ്ങളം സെന്റ് ജോസഫ് ഇടവകയിൽ*

# വി.എസ്.എസ്.എസ്. വാർത്തകൾ

## ലോക കാൻസർ ദിനാചരണം




*കാൻസർ ദിനാചരണം - ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ.*

വി.എസ്.എസ്.എസിന്റെ ആശാകിരണം പദ്ധതിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 4ന് ലോക കാൻസർ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി മത്തായിയുടെ അദ്ധ്യക്ഷതയിൽ കടുത്തുരുത്തി എം.എൽ.എ മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ സൊസൈറ്റി പ്രവർത്തനങ്ങളുടെ ഒരു രക്നച്ചുരുക്കം അവതരിപ്പിച്ചു. മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലജിമ്മി മുഖ്യാതിഥിയായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ പ്രിയ ബോധവത്ക്കരണ ക്ലാസ് നയിച്ചു. ചികിത്സാ സഹായ വിതരണം ഫാ. തോമസ് പഴവക്കാട്ടിൽ നിർവ്വഹിച്ചു. താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. സാം പോൾ, കോ-ഓർഡിനേറ്റർ പ്രമീല ജോർജ്, ജനപ്രതിനിധികൾ എന്നിവർ സംസാരിച്ചു. ആരോഗ്യവകുപ്പ് മീഡിയാ ഓഫീസർ ഡോമി ജോൺ, നന്ദി രേഖപ്പെടുത്തി.

## വീ ഷെയർ സംഗമം 2023

വീ ഷെയറിന്റെ ഗുണഭോക്യസംഗമം അമലനിലയത്തിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്നു. പദ്ധതിയുടെ ഗുണഫലങ്ങൾ നമുക്ക് മാത്രമായി ചുരുക്കാതെ ചുറ്റുമുള്ളവർക്കുകൂടി ലഭ്യമാക്കത്തക്കവിധമുള്ള മനോഭാവവും പ്രവർത്തനവുമായിരിക്കണം . എല്ലാവർക്കുമുണ്ടാവേണ്ടതെന്ന് പിതാവ് പറഞ്ഞു. പദ്ധതി ഉപകാരികളുടെ പ്രതിനിധിയായി യു.എസിൽ നിന്നുള്ള ജാക്സൺ ബെനഡിക്റ്റിയും സംഗമത്തിൽ പങ്കെടുത്തു. മോൺ. ജോസ് നവസ് ആശംസ നേർന്നു. വി.ഷെയർ കുടുംബാംഗങ്ങൾ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. മൂന്നാർ മേഖലയിലുള്ളവർക്കായി റീജിയണൽ ഓഫീസിലും പാമ്പനാർ മേഖലയ്ക്കായി കുട്ടിക്കാനം ആനിമേഷൻ സെന്ററിലും സംഗമം സംഘടിപ്പിച്ചിരുന്നു.



അഭിവന്ദ്യ പിതാവ് വീഷെയർ കുടുംബാംഗങ്ങളോടൊപ്പം



*വീ-ഷെയർ സംഗമം – കുട്ടിക്കാനം*

## സജീവം ലഹരി വിരുദ്ധ പ്രചരണ പരിപാടി

വി.എസസ്.എസ്.എസ് കാരിത്താസ് ഇന്ത്യയുമായി ചേർന്നു നടപ്പിലാക്കുന്ന സജീവം ലഹരി വിരുദ്ധ പ്രചരണ പരിപാടിയുടെ മൂന്നാർ മേഖലാതല ഉദ്ഘാടനം ഫെബ്രുവരി 5-ന് മൂന്നാർ ഡി.വൈ.എസ്.പി. ശ്രീ. അലക്സ് ബേബി ഉദ്ഘാടനം ചെയ്തു. മൂന്നു കോളേജുകളിൽ നിന്നുമായി 140 കുട്ടികളും അദ്ധ്യാപകരും പങ്കെടുത്തു. ഉദ്ഘാടന സമ്മേളനത്തിൽ വി.എസസ്.എസ്.എസ് മൂന്നാർ റീജയണൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. സജി കെ. ജോസഫ് സെമിനാർ നയിച്ചു. ഡോ. ദേവു കർക്കിനോസ് ക്യാൻസർ സെന്റർ ഇൻ ചാർജ്, മൂന്നാർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. കട്ടബൊമ്മൻ, സി. മേരി സംഗീത എന്നിവർ സംസാരിച്ചു.




*ലഹരിവിരുദ്ധപ്രചരണ പരിപാടി ഉദ്ഘാടനം– മൂന്നാർ മേഖല*



# അഭിവന്ദ്യ പിതാവിന്റെ
## മാർച്ച് മാസ പരിപാടികൾ

| | | |
|---|---|---|
| 03 വെള്ളി | : | PPD |
| 04 ശനി 6.30 am | : | ദിവ്യബലി,വിമലഗിരി കത്തീഡ്രൽ |
| 10 വെള്ളി | : | PPD |
| 11 ശനി | : | ലീജിയൻ ഓഫ് മേരിയുടെ വാർഷിക കൺവെൻഷൻ കാർമ്മൽ ഹാൾ നല്ല ഇടയൻ ദൈവാലയം കോട്ടയം |
| 17 വെള്ളി | : | PPD |
| 24 വെള്ളി | : | PPD |
| 26 ഞായർ 9.30 am | : | സ്ഥൈര്യലേപനവും, ഇടയ സന്ദർശനവും സെന്റ് മേരീസ് ദൈവാലയം, ഇലക്കാട്. |
| 26 ഞായർ 5.00 pm | : | നാല്പത് മണിക്കൂർ ആരാധന സമാപനം നല്ല ഇടയൻ ദൈവാലയം, കോട്ടയം . |
| 27 തിങ്കൾ 6.30 am | : | ബിഷപ്പ് ബെനവന്തുര അരാന അനുസ്മരണ ദിവ്യബലി നല്ല ഇടയൻ ദൈവാലയം, കോട്ടയം. |
| 31 വെള്ളി | : | റീജണൽ ബിഷപ്സ് മാസധ്യാനം, ആലപ്പുഴ |



**വിജയപുരം രൂപത മൈനർ സെമിനാരി വിദ്യാർഥികളുടെ മാതാപിതാക്കന്മാരുടെ സംഗമം 'കൊയ്നോണിയ 2023'** എന്ന പേരിൽ ഫെബ്രുവരി 4, 5 തീയതികളിലായി നടത്തപ്പെട്ടു. ഇൻഫന്റ് ജീസസ് മൈനർ സെമിനാരി (കീഴുകുന്ന്), ഡൊമിനിക് സാവിയോ സെമിനാരി (ബിഷപ്പ് ഹൗസ് ), കർമേലൂസ് സെമിനാരി (തോപ്രാംകുടി) എന്നീ മൂന്നു സെമിനാരികളിലെയും വിദ്യാർഥികളും വൈദികരും മാതാപിതാക്കളുമാണ് ഇതിൽ പങ്കെടുത്തത്.



ഇലയ്ക്കാട് ഓഡിറ്റോറിയം ആശീർവാദം





പുതിയതായി നിർമ്മിച്ച നെടുമുടി വൈദീകവസതി ആശിർവാദം



MARCH 2023
Vol. 16 • Issue 3
*Published on*
1th March 2023

# vijayapuradhuthu

(MONTHLY)
Annual Subscription ₹ 100.00

Registered No. **KL/KTM/117/2023-25**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA


# MEREDIAN GROUP OF INSTITUTIONS

AFFILIATED TO MANGALORE UNIVERSITY, RGUHS & RECOGNIZED BY THE GOVERNMENT OF KARNATAKA

Email : jyothisindia1@rediffmail.com | Website : www.meredianccollege.com
**Ph:0824 2463674 | 2953675 | Mob:9060773557**

* SUBBAIAH MEDICAL COLLEGE
* SUBHADRA NURSING COLLEGE
* MOUNT SHEPHERD COLLEGE OF NURSING
* CITY HOSPITAL
* SCS HOSPITAL

## NURSING :

**BSc, GNM, PB BSc & MSc.**
**BBA, BCom, BCA & BSc Hotel Management**

ADDON COURSES **Aviation and Hospitality Mgt.**
**ACCA/ CA, Logistics & Digital Marketing**
**Data Analytics & Cyber Security**
**Graphic Designing & Video Editing**











Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180